Date of Publication: 9 ഒക്ടോബർ 2019
വോള്യം 18/ലക്കം 2 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# കവിതയെഴുത്തുകൾ

# സംഘടിത

സംഘടിത/ ഒക്ടോബർ 2019/വോള്യം 18/ലക്കം 2



കവർ ചിത്രം: **പ്രാചീന ഗ്രീക്ക് കവി സാഫോ**


പെണ്ണെഴുതുന്ന സമയങ്ങൾ 6
**സ്മിത ഗിരീഷ്**

പച്ച പൊങ്ങ് പെരുവഴി 8
**വിജില**

അഹ്.. അഃ ... അത്ര മാത്രം 9
**ഷമീന ബീഗം**

'നാടിന്റെ പോക്ക് ഹാ കഷ്ടം!" 11
പെൺപക്ഷം/**അജിത കെ.**

ഇടവേളകളിലെ ചുംബനങ്ങൾ 12
**വിജയരാജമല്ലിക**

രഹസ്യം 13
**സ്റ്റാലിന**

എഴുത്തുകാരിയുടെ ആത്മകഥ 14
**ഗീത തോട്ടം**

ചീയൽ 16
**വി.എസ്. ബിന്ദു**

ബോഡി സ്കേപ്പ് 17
**അജിത ടി. ജി.**

അഴിഞ്ഞാട്ടം 19
**ശാന്തി ജയ**

ഉടവ് 20
**ഉമ രാജീവ്**

ഒറ്റയ്ക്കായൊരാളുടെ ജല്പനങ്ങൾ 22
**ദീപ കരുവാട്ട്**

ഉണർന്നപ്പോഴാണ്
സ്വപ്നമായിരുന്നുവെന്നറിഞ്ഞത് 23
**ലക്ഷ്മി പി.**

ചില ചിത്രങ്ങൾ 26
**സേതുലക്ഷ്മി സി.**

മീൻമുള്ള് ഒരവശിഷ്ടമേയല്ല 26
**രഗില സജി**

നീയറിയാത്ത ചില കാര്യങ്ങൾ/
ഞാനിവിടെയുണ്ട് 28
**രതിക തിലക്**

തുടക്കം 29
**ആര്യ രാജ്**

രൂപാന്തരണം 30
**നിഷ നാരായണൻ**

ഒരാൾ 35
**അമ്മു ദീപ**

കാലൻകുട 37
**സുനി പി.വി.**

കുടുംബത്തിലെ സദാചാരം 40
വാസ്തവം/ഡോ. ജാൻസി ജോസ്

അവിശ്രമം 41
**സന്ധ്യ ഇ.**

കിഴവിയും കടലും 43
**അനു പാപ്പച്ചൻ**

മാഡ് വുമൺ ഇൻ അറ്റിക് 44
**സാഹിറ അഷ്റഫ്**

**സ്വാതി ലക്ഷ്മി വിക്രം** 46

കല്ലുകൾ 49
**ആർ. സംഗീത**

അഛൂത് 50
**ദേവി പ്രിയ**

നൃത്തം 51
**ജ്യോതി ലക്ഷ്മി**

ഗംഗ പറയുന്നു 53
**സ്മിത മീനാക്ഷി**

ജരൽക്കാരു 54
**സുഭദ്ര സതീശൻ**

കൂട്ട് 55
**ഗാർഗി ഹരിതകം**

പൂക്കളുടെയും പെൺകുട്ടികളുടേയും ഭൂമി 56
**സറീന**

നിർവൃതി/കവി(ത)മുറി 58
**സന്ധ്യ പത്മ**

നീലഞരമ്പുകൾ പറയുന്നത് 59
ആസ്വാദനം/**ഇന്ദിരാബാലൻ**

അർച്ചനാശർമ്മ - കണികാ
പരീക്ഷണത്തിലെ അഭിമാനതാരം 60
ശാസ്ത്രം/**സീമാ ശ്രീലയം**



**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** ഷീബ ദിൽഷാദ് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

രാഷ്ട്രതന്ത്രം തക്കം പോലെ മെനഞ്ഞ് കഴിഞ്ഞ വർഷം ഗാന്ധിജയന്തി ദിനത്തിൽ പരസ്യമായി ഗാന്ധിചിത്രത്തിൽ തുപ്പിയവർ  ഇപ്പോൾ ഗാന്ധിജിയെ തങ്ങൾക്ക് അഭിമതനാക്കുന്നു. ദേശഭാവനകളിൽ സമാധാനത്തിനുവേണ്ടി നിലകൊണ്ട, അതിന്റെ പേരിൽ  വധിക്കെപെട്ട രാഷ്ട്രപിതാവ് സാംസ്ക്കാരിക ദേശീയതയുടെ ഹിംസാത്മകതകളിലേക്ക് വിലിച്ചിഴക്കപ്പെടുന്നു. രാജ്യത്ത് സമാധാനത്തിന് വഴിയൊരുങ്ങുന്നില്ലെന്ന് ആധിപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ച സാംസ്ക്കാരികപ്രവർത്തകർക്കെതിരെ  രാജ്യദ്രോഹത്തിന് കുറ്റം ചുമത്തെപ്പെടുന്നു. ഈ അധികാര ഹുങ്കിന്റെ ഭരണയുക്തിക്ക് മുന്നിൽ നാം നിശ്ശബ്ദരായിപ്പോകുന്നു. എങ്കിലും ഈ ആപൽസന്ധിയിലും പ്രതിപക്ഷത്തുള്ളവർ തമ്മിൽ പോരാടി വോട്ടുകൾ വീതം വെയ്ക്കുന്നു. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാനാകൂ എന്ന് നാം ഓർക്കുന്നത് നന്ന്. ഗാന്ധിയെ മാതൃകയാക്കാനുള്ള ആർ.എസ്. എസ്. മേധാവി  മോഹൻ ഭാഗവതിന്റെ ആഹ്വാനം പ്രസിദ്ധീകരിച്ച പത്രം ഏത് സത്യത്തിന്റെ, പത്രധർമ്മത്തിന്റെ ദൗത്യമാണ് നിർവ്വഹിച്ചത്?

പെരുമഴപ്പാച്ചിലിന്റെ ആഘാതം താങ്ങാൻ ശേഷിയില്ലാതായ ഭൂമി അനേകം ജീവനുകൾ അപഹരിച്ചത് മറക്കാറായില്ലല്ലോ മലയാളിക്ക്. ഭൂനിലകളെ അപ്പാടെ തകർക്കുന്ന ക്വാറികൾക്ക് തടയിടണമെന്നത് സർക്കാർ നിലപാടാവാൻ ഇനിയും നമ്മൾ കാത്തിരിക്കേണ്ടി വരുമായിരിക്കും. പീച്ചി വനഗവേഷണ കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞനായ പി.കെ. സജീവിനെ ക്വാറി ലോബി ഭീഷണിപ്പെടുത്തുന്നത് ഈ 'ധൈര്യ' ത്തിലാണ്. എം.എൽ.എ. മാരും പാർട്ടി സെക്രട്ടറിമാരും ക്വാറി മുതലാളിമാരാകുന്ന കാലത്ത് മറ്റെന്ത് പ്രതീക്ഷിക്കണം? ക്വാറികളുള്ള സ്ഥലം സന്ദർശിക്കാനെത്തിയ പൊതുപ്രവർത്തകരായ എം. എൻ.കാരശ്ശേരി, കെ. അജിത, കുസുമം ജോസഫ് തുടങ്ങിയവരെ  കൈയേറ്റം ചെയ്യാൻ വരെ ശ്രമങ്ങളുണ്ടായി. സർക്കാർ ജാഗ്രത്തായി നടത്തുന്ന പുനർ നിർമ്മാണത്തിൽ കരടുകളാണ് ഇക്കൂട്ടർ ! അവരെ പുറത്താക്കി ഒറ്റപ്പെടുത്തുക.

കോഴിക്കോട് കൂടത്തായിയിൽ ഒരു സ്ത്രീ കുടുംബത്തിലെ ആറു പേരെ ആസൂത്രിതമായി കൊലപ്പെടുത്തിയ വാർത്തകളിൽ  ഉത്കണ്ഠാകുലരാണ് മലയാളികൾ. പത്രങ്ങളുടെ തലക്കെട്ടുകളിൽ ത്തന്നെ സ്ഥാനം പിടിച്ച ചൂടുവാർത്ത. വിഷം തന്ന് കൊല്ലുന്ന സ്ത്രീകളെ പേടിച്ച് ഭക്ഷണം കഴിക്കുന്ന തെങ്ങനെ എന്ന് സാമൂഹ്യമാധ്യമവ്യവഹാരങ്ങളും സജീവമായിരിക്കുന്നു. സ്ത്രീകൾ മാത്രം വെച്ചു വിളമ്പിയത് തിന്നു വളർന്ന നൂറ്റാണ്ടുകളുടെ തലമുറകളുടെ ചരിത്രം മറന്നു പോകാൻ കേവലം ഒരു പ്രതികൂല സംഭവം മതിയെന്നത് ഖേദകരം തന്നെ. കൊലപാതകങ്ങളിൽ ശരികളില്ലെങ്കിലും ഒരു സ്ത്രീയുടെ മാത്രം താൽപര്യങ്ങളാണ് ഈ അരുംകൊലകൾക്കു പുറകിലെന്ന് സങ്കല്പിക്കാൻ മാത്രം ആലോചനാ ശൂന്യരാണോ  നാം? സ്ത്രീയുടെ രാഷ്ട്രീയമായതോ കുടുംബ ഉത്തരവാദിത്വപരമായതോ  ആയ നേതൃഗുണങ്ങളെ അംഗീകരിക്കാൻ തയ്യാറാകാത്ത പൊതുബോധം കുറ്റകൃത്യങ്ങൾക്ക് മാത്രം സ്ത്രീക്ക് കല്പിച്ചു കൊടുക്കുന്ന തികഞ്ഞ 'കർതൃത്വ'ങ്ങൾക്കു പിന്നിൽ ഗൗരവമായ പ്രശ്നങ്ങളുണ്ട്.

അനുസ്യൂതവും പൂർവ്വാലോചനയില്ലാത്തതുമായ വൈകാരികത്തള്ളിച്ചകളെ ഏകാന്തത്തിൽ ഓർത്തെടുക്കുന്നതാണത്രെ കവിത!  സ്ത്രീകളുടെ കവിതയെഴുത്തുകളുമായി ഈ നിർവചനത്തിന് എന്തെങ്കിലും ബന്ധമുണ്ടാകുമോ? വീട്ടിടങ്ങളിലെ നിലയ്ക്കാത്ത അദ്ധ്വാനത്തിനും ആധിക്കുമിടയിലെ ക്രിയാത്മകതയാണ് ആ കവിതകൾ. കുറിക്കാൻ നേരമില്ലാതെ കുറേ നാൾ മനസ്സിലിട്ട് ഒടുവിൽ യാത്രാമധ്യേയൊക്കെ തിരക്കിനും ബഹളത്തിനുമിടയിലും ഫോണുകളിൽ വരഞ്ഞെടുക്കുന്നതുമൊക്കെയാണ് സ്ത്രീ കവിതകൾ. എന്നാൽ പുരാതനഗ്രീസിലെ ആദ്യകവി സാഫോയെപ്പോലെ സ്ത്രീ ജീവിതങ്ങളുടെ നീറ്റലും നർമ്മവും ജയവും പരാജയവും പാരതന്ത്ര്യവും സ്വതന്ത്രസ്വച്ഛന്ദതകളും അവയിൽ പ്രതിഫലിക്കുന്നു.  മുഖ്യധാരാപ്രസിദ്ധീകരണങ്ങളുടെ അകലോക നേർക്കാഴ്ചകളോടുള്ള (ഭഷ്ടിന്റെ നിലകളിൽ മാത്രമാണീ കവിതകൾക്ക്  സ്വീകാര്യത ഇല്ലാതായിപ്പോകുന്നത്. തീക്ഷണമായ അനുഭവസാക്ഷ്യങ്ങളുള്ള അനേകം കവിതകളെ സമാഹരിച്ച ഷീബ ദിൽഷാദ് അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത ആസ്വാദനത്തിനും ആലോചനയ്ക്കുമായി സമർപ്പിക്കുന്നു.



ഷീബ ദിൽഷാദ്

# കവിതയുടെ കൂട്ടുകാരികൾ.....

സമകാലീനകവിതയിൽ വ്യക്തമായ ചുവടുവെയ്പുകളോടെ മുന്നോട്ട് പോവുകയാണ് മലയാളത്തിലെ എഴുത്തുകാരികൾ. കവിതയിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള എഴുത്തുകാരികളുടെ ശക്തമായ ഒരു മുന്നേറ്റം സമീപകാല കവിതയിൽ ഉണ്ടായിട്ടുണ്ട്. സാക്ഷരതയിൽ ഏറേ മുന്നിൽ നിൽക്കുന്ന കേരളത്തിൽ, ജനസംഖ്യയിൽ പുരുഷനേക്കാൾ അനുപാതം സ്ത്രീകൾക്കായിരിക്കുമ്പോഴും, കവിതാരംഗത്ത് ശ്രദ്ധിക്കപ്പെട്ടിട്ടുള്ള സ്ത്രീകൾ വളരെ കുറച്ചു പേർ മാത്രമാണെന്ന് നമുക്ക് കാണാം. ഒരു സാമൂഹിക മാറ്റത്തിന് ഉതകുന്ന രീതിയിൽ തന്റെ കവിതയെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ എഴുത്തുകാരികൾ പുരുഷന്മാരേക്കാൾ ഏറെ പിന്നിലാണ്. ഇതിന് കാരണം പ്രതിഭാസമ്പന്നരായ കവികൾ ഇല്ലാത്തതല്ല, മറിച്ച് കുടുംബത്തിനകത്തും, സമൂഹത്തിലും നിലനിൽക്കുന്ന ചില വ്യവസ്ഥിതികൾ എഴുത്തുകാരികളെ പരുവപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നതു കൊണ്ടാണെന്ന് നമുക്ക് മനസ്സിലാക്കാം. കവിതയ്ക്ക് ആസ്പദമായ വിഷയം സാവകാശം മനനം ചെയ്യുവാനോ, അതിൽ ധ്യാനമിരിക്കാനോ സ്ത്രീകൾക്ക് പലപ്പോഴും സമയമോ സന്ദർഭമോ ലഭിക്കാറില്ല. കുടുംബത്തോടുള്ള കർത്തവ്യങ്ങൾ, ഗൃഹ പരിപാലനം, കുട്ടികളുടെ പഠനം തുടങ്ങി നിരവധി ഉത്തരവാദിത്വങ്ങളിലൂടെയാണ് എഴുത്തുകാരികളായ ഓരോ സ്ത്രീയും കടന്നു പോകുന്നത്. ഇത്തരം നിരവധി പ്രശ്നങ്ങളെപ്പറ്റി വിശകലനം ചെയ്യുകയാണ് അഡ്വക്കേറ്റ് സ്മിത ഗിരീഷ് 'പെണ്ണെഴുതുന്ന സമയങ്ങൾ' എന്ന ലേഖനത്തിൽ.

ഒരു മാധ്യമമെന്ന നിലയിൽ കവിതയ്ക്ക് ഒരു രാഷ്ട്രീയ പ്രവർത്തനമുണ്ട്. സമൂഹവുമായി നിരന്തരം ഇടപെടുന്ന ഒരു വ്യക്തിയാണ് കവിയും. കവിക്ക് തന്റെ ചുറ്റുപാടുകളുമായി സംവദിക്കുവാനുള്ള നൈരന്തര്യമാണ് കവിത. മറ്റൊരു തരത്തിൽ കവി തന്റെ ചുറ്റുപാടുകൾ, സമൂഹം, രാഷ്ട്രം എന്നിവയോട് പ്രതികരിച്ചു കൊണ്ടിരിക്കുന്നത് തന്റെ കവിതയിലൂടെയാണ്.ഈ ഒരു തലം സമർത്ഥമായി ഉപയോഗിക്കുന്നു, ദേവി പ്രിയ, ഷമീനാ ബീഗം,സ്റ്റാലിന, എന്നീ കവികൾ. അതിക്രൂരമായ ജാതിക്കൊലപാതകങ്ങളേയും, സമൂഹ മനഃസാക്ഷിയെ ഞെട്ടിച്ചു കൊണ്ടിരിക്കുന്ന വർത്തമാന കാലത്തേയും തുറന്നു കാട്ടുകയാണ് ദേവിപ്രിയ തന്റെ കവിതയിൽ. ഇസ്ലാമിക് വ്യാഖ്യാനത്തിലൂടെ വിവിധ ഗോത്രങ്ങളുടെ ദൈവം ആത്യന്തികമായി ഏകമാണെന്ന്, അതുവഴി മനുഷ്യനുണ്ടാക്കിയ മതപരമായ വേർതിരിവുകൾക്ക് അർത്ഥമില്ലെന്ന് അവതരിപ്പിക്കുകയാണ് ഷമീന ബീഗം. മതങ്ങളുടെ സത്ത കവിതയ്ക്ക് വിഷയമാക്കുന്നത് ഒരു സ്ത്രീയാവുമ്പോൾ അത് പുതുചിന്തയുടെ ഒരു മാപിനിയായി മാറുന്നു.സ്റ്റാലിനയുടെ കവിതയിൽ പ്രണയിക്കുന്നത് ദൈവമാണ്.ദൈവങ്ങളായാലും അഭിനവ സദാചാരകാവൽക്കാരവരെ വെറുതേ വിടില്ല. പ്രണയത്തെ പാപമായി കാണുന്ന ഒരു സമൂഹത്തിന്റെ രാഷ്ട്രീയ നിലപാടുകൾ അതിസൂക്ഷ്മമായി നിരീക്ഷിക്കുന്നു, സ്റ്റാലിന തന്റെ കവിതയിൽ.

നിരന്തരം അവഹേളനങ്ങളും അപമാനങ്ങളും വിവിധ തലങ്ങളിൽ, വിവിധകാലങ്ങളിൽ അനുഭവിക്കുന്ന സ്ത്രീയും, അവളുടെ സ്വത്വബോധവും, അതിൽ നിന്ന് ഉടലെടുക്കുന്ന ശക്തമായ നിരീക്ഷണങ്ങളും ചിന്തകളുമാണ് ആർ.സംഗീത, ഗീത തോട്ടം, വി.എസ്. ബിന്ദു, അജിത.ടി.ജി, എന്നിവർ തങ്ങളുടെ കവിതയുടെ പ്രമേയമാക്കിയിരിക്കുന്നത്.

'പഴുതാര കണക്ക്
ചുരുണ്ടു വളഞ്ഞ
ചുണ്ടുകളുണങ്ങിയ പാടും', (ആർ.സംഗീത),

'വിവിധ തരത്തിൽപ്പെട്ട അണലിപ്പാമ്പുകളും കുഞ്ഞുങ്ങളും
തുന്നിച്ചേർക്കലുകൾ പൊട്ടാതെ,
പഞ്ഞിയും പഴന്തുണിയും പുറത്തു കാണാതെ'യും (ഗീത തോട്ടം)


'കറുത്ത കാടുകളിൽ
പുള്ളിമാനുകളോടിക്കളിക്കും
കാലറ്റം വരെ
ചീർത്തു വീർത്തു വിങ്ങുന്ന
ഞരമ്പിൻ പറ്റങ്ങളെ
ആട്ടിയോടിച്ചക്കരേക്കു പായിക്കു'ന്നു (അജിത. ടി.ജി) കവിതയിലെ 'ശബ്ദമുയർത്താൻ പഠിച്ച പെണ്ണുങ്ങൾ'!

ഒരിക്കൽ പ്രൊഫ. എം.കൃഷ്ണൻ നായർ സർ എഴുതിയിരുന്നു, പ്രണയവും ലൈംഗികതയും വാക്കുകളും ബിംബങ്ങളും ഉപയോഗിച്ച് ഒളിപ്പിക്കാനുള്ള സഹജമായ കഴിവാണ് സ്ത്രീകളുടെ കവിതയുടെ സൗന്ദര്യം എന്ന്. അതിനാൽ സ്ത്രീകളുടെ പ്രണയ വർണ്ണനകൾക്ക് അനന്യമായൊരു സൗന്ദര്യം ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ കവിതകളിൽ വി ജയരാജ മല്ലികയുടെയും വിജിലയുടേയും ഗാർഗിയുടേയും ജ്യോതിലക്ഷ്മിയുടേയും, കവിതകൾ വായിക്കുമ്പോൾ പ്രണയത്തിന്റെ അത്തരമൊരപൂർവ്വ ശോഭ നമുക്ക് ദർശിക്കുവാൻ കഴിയും. അവനവനിലേക്ക് നോക്കുന്ന ഒരുവളുടെ ഉന്മാദങ്ങൾ, നിരാശകൾ, നിരാസങ്ങൾ, ഓർമ്മകൾ, സൗന്ദര്യദർശനം, സുന്ദരാനുഭൂതികൾ, ഏകാന്തത, വിരഹം, എന്നിവ കവിതയ്ക്ക് വിഷയമാക്കിയിരിക്കുകയാണ് ശാന്തി ജയയും, ഉമ രാജീവും, ദീപ കരുവാട്ടും, സറീനയും, സേതുലക്ഷ്മിയും, രഗില സജിയും, ലക്ഷ്മി.പിയും, സന്ധ്യ പത്മയും, രതിക തിലകും, ആര്യ രാജും. ഈ കവിതകൾ സൂക്ഷ്മനിരീക്ഷണം നടത്തുന്ന ഏതൊരാൾക്കും ഈ കവികളിൽ അതുല്യമായ പ്രതിഭയുടെ തിളക്കവും, ചിന്തയുടെ ഔന്നത്യവും ദർശിക്കാവുമെന്നതിൽ സംശയമില്ല. കവിതയിലൂടെ കാലികമായ പുതുക്കങ്ങളും നവീനമായ കാഴ്ചപ്പാടും, സാധാരണത്വത്തിൽ നിന്ന് അസാധാരണത്വം കൊണ്ടു വരുന്നതിൽ അഗ്രഗണ്യരാണ് അമ്മു ദീപ, നിഷ നാരായണൻ, സുനി.പി.വി, സന്ധ്യ.ഇ, അനു പാപ്പച്ചൻ, സായ്റ അഷ്റഫ്,സ്വാതി ലക്ഷ്മി വിക്രം തുടങ്ങിയ കവികൾ. തങ്ങളുടെ ചുറ്റുമുള്ള മനുഷ്യരേയും, അവരുടെ വികാരങ്ങളേയും, ജീവിതത്തേയും സചേതനവും അചേതനവുമായ എല്ലാ സാദ്ധ്യതകളേയും കവിതയ്ക്ക് വിഷയമാക്കുന്നതിൽ, വായനക്കാരെ അത്ഭുതപ്പെടുത്തുകയും അവരുടെ എക്കാലത്തേയും അടിമകളാക്കുകയും ചെയ്യുന്നതിൽ ഈ കവികൾ വിജയിച്ചിരിക്കുന്നു.



സ്മിത ഗിരീഷ്

# പെണ്ണെഴുതുന്ന സമയങ്ങൾ



നമ്മുടെ എഴുത്തുകാരികളിൽ ഏറിയ കൂറും, സമൂഹം നിഷ്ക്കർഷിച്ച ചട്ടക്കൂടിനുള്ളിൽ കീഴ്പ്പെട്ടു ജീവിയ്ക്കുകയാണ്. കുടുംബത്തിന് തന്റെ സമയവും സർഗ്ഗവാസനകളും വിട്ടു കൊടുക്കുമ്പോൾ, തങ്ങളുടെ സ്വത്വ പ്രകാശനത്തിനോടും, ആത്മാവിഷ്ക്കാരങ്ങളോടും കൃത്യമായി നീതി പുലർത്താൻ സാധിക്കാതെ വരുന്നു. ഇത് മൂലം കഠിനമായ ആന്തരിക പ്രതിസന്ധി അനുഭവിക്കേണ്ടി വരുന്നു. പുരുഷാധിപത്യ പ്രവണതകളുള്ള ഒരു കുടുംബ വ്യവസ്ഥയിൽ ജീവിച്ചു വരുന്നവർക്ക്, വീട്ടിൽ ഇരുന്ന് തങ്ങൾക്ക് തോന്നുന്ന സമയങ്ങളിൽ സ്വതന്ത്രരായി സമാധാനത്തോടെ എഴുതാൻ സാധിക്കുന്ന എത്ര സ്ത്രീകൾ ഉണ്ടാവും ഇവിടെ.

ഉദ്യോഗസ്ഥരും, കുടുംബസ്ഥരുമായ സ്ത്രീകൾക്ക് തന്നെ ബഹുവിധ കർത്തവ്യങ്ങൾ ധാരാളമുണ്ട്. അത്തരമൊരു സ്ത്രീ, എഴുതുന്നവൾ കൂടിയാകുമ്പോൾ, സംഘർഷങ്ങൾ ഇരട്ടിക്കുന്നു. ആയതിന് ഒരു സമയമോ, അവൾക്കായൊരു എഴുത്തിടമോ ഇല്ലാതിരിക്കുന്ന സ്ഥിതി വിശേഷം ഭീകരമാണ്.

എഴുതുന്നവളുടെ ആത്മാവിൽ നിന്ന് ഒരു വിത്ത് പൊട്ടി മുളയ്ക്കുന്നു. ചെടിപൊടിക്കുന്നു. അത് തായ് തണ്ടിൽ തളിരിടുന്നു. പിന്നീട് ഇലകളും വള്ളികളും മൊട്ടുകളും പൂക്കളുമൊക്കെയായി പുറത്തെ വെളിച്ചത്തിലേക്ക് വളരുന്നു... പടർന്ന വേരുകൾ വെള്ളം ലഭിക്കുന്ന ദിക്കു നോക്കി അവളുടെ സിരകളിലൂടെ പടരുന്നു. സർഗ്ഗാത്മകതയുടെ തീവ്ര ത്വരകൾ അവളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ കൊടുക്കുന്നു. കാലുകൾ നിലം തൊടാതെ, തന്റെ അടയാളങ്ങളെ എത്തിപ്പിടിക്കാൻ, പകർത്തി വെയ്ക്കാൻ ഒഴുകി നടക്കുന്നു. ഇതിനിടയിൽ അനിവാര്യമായ കടമകളും, കുടുംബം ആവശ്യപ്പെടുന്ന തിരക്കുകളും അവളിൽ കഠിനമായ മാനസിക പിരിമുറുക്കം സൃഷ്ടിക്കുന്നു. അവൾക്ക് ചിറകുകളുണ്ട്. പക്ഷേ

പറക്കാൻ വയ്യ. കുടുംബം എന്ന കെട്ടുപാട് നൽകിയ നിരാസങ്ങളിൽ നിന്നും അവഗണനകളിൽ നിന്നും രക്ഷപെടുന്നതിന് വേണ്ടി എല്ലാവരുമുറങ്ങുമ്പോൾ അർദ്ധരാത്രി വിളക്ക് തെളിച്ചിരുന്ന് എഴുതാൻ തുടങ്ങിയ തന്നെപ്പറ്റി മാധവിക്കുട്ടി പറയുന്നുണ്ട്.

“A woman must have money and a room of her own if she is to write fiction” എന്ന് വെർജീനിയ വൂൾഫ് പണ്ടേ പരിദേവനപ്പെട്ടിട്ടുണ്ട്. ലോകമെമ്പാടുമുള്ള എഴുത്തുകാരികളുടെ ഇത്തരത്തിലുള്ള അവസ്ഥകളുടെ നേരെയുള്ള അസ്വസ്ഥ പരാമർശങ്ങൾക്ക് പിന്നാലെ പോയാൽ ഒരു പുസ്തകമുണ്ടാക്കാവുന്നതിനും അപ്പുറമാണ് കാര്യങ്ങൾ.



നിശ്ശബ്ദ പരിദേവനങ്ങൾ ആരറിയുന്നു... സ്വന്തമായി ഒരു എഴുത്ത് മുറിയോ, മേശയോ സാഹചര്യങ്ങളോ ഇല്ലെങ്കിൽപ്പോലും എഴുതുന്ന സ്ത്രീകളുടെ ഏറ്റവും വലിയ പ്രതിസന്ധി അതിനേക്കാളൊക്കെ ഉപരി എഴുതാനുള്ള സമയം, കുടുംബത്തിന് വേണ്ടി സംവിധാനം ചെയ്തു വെച്ചിരിക്കുന്ന ജീവിത സന്ദർഭങ്ങളിൽ നിന്നും കട്ടെടുക്കണം എന്നുള്ളതാണ്.

സൗഹൃദത്തിന്റെ അപാരസാധ്യതകളും വിനിമയങ്ങളുമുള്ള ചില കുടുംബചുറ്റുപാടുകളിൽപ്പോലും, എന്തുകൊണ്ട് എഴുതുന്നില്ല, കുറച്ചു സമയം പോയിരുന്ന് എന്തെങ്കിലും കുറിക്കൂ എന്ന് എഴുതുന്നവളോട് പറയാതിരിക്കാനുള്ള സ്വാർത്ഥത പ്രകടമായി പലയിടത്തും കാണാറുണ്ട്.

അടുപ്പിൻ ചോട്ടിലോ അമ്മിത്തറയിലോ ഒളിച്ചിരുന്ന് എഴുതിയിരുന്ന പഴയ തലമുറയിലെ എഴുത്തുകാരികളിൽ നിന്നും ഒട്ടും മെച്ചമല്ല, ഉറക്കത്തിനും വിശ്രമത്തിനും മാത്രം കിട്ടുന്ന ചുരുങ്ങിയ ചില സമയങ്ങൾ, ട്രെയിനിൽ യാത്ര ചെയ്യുമ്പോഴോ, എന്തിന് കുളിമുറിയിൽ ഒളിച്ചു പോയിരുന്നോ പിടഞ്ഞ് ഉൾപൊള്ളലോടെ ‘എഴുതാനും വായിക്കാനും സമയം കണ്ടെത്തുന്ന, ഈ സൈബർ സോഷ്യൽ മീഡിയ കാലത്തെ എഴുത്തുകാരികളുടെ അവസ്ഥ സങ്കീർണ്ണമായ ഒരു സാമൂഹ്യാഖ്യാനം കൂടിയാണ്. ആരോഗ്യപ്രശ്നങ്ങളില്ലാത്ത എഴുത്തുകാരികൾ വിരളമാണ്. ചിലപ്പോൾ മീൻ മുറിയ്ക്കുമ്പോഴോ, പച്ചക്കറി അരിയുമ്പോഴോ, ഓഫീസിൽ പണി എടുക്കുമ്പോഴോ യാത്ര ചെയ്യുമ്പോഴോ ആയിരിക്കും മെരുക്കിവെച്ചാലും മെരുങ്ങാത്ത ഉള്ളിലെ സർഗ്ഗാത്മകത ഉണർന്ന് കിന്നാരവും പറഞ്ഞ് വരുന്നത്. പലപ്പോഴും അവയെ അപ്പോൾ തന്നെ പകർത്തിവെയ്ക്കാൻ സാഹചര്യം അനുവദിച്ചെന്ന് വരില്ല. പിന്നീട് ഓർത്ത് പകർത്താൻ തോന്നുമ്പോൾ ആശയ ഭാഗങ്ങൾ മങ്ങി ചാരുത പോയതായി തോന്നും. പലയിടവും മറന്നു പോകും. ഒരു മികച്ച ആശയം ഉള്ളിൽ നിന്നും വഴുതിയിറങ്ങി എങ്ങോ മാഞ്ഞു പോകുന്നത് നിസ്സഹായയായി നോക്കി നിൽക്കുന്ന അവസ്ഥ എഴുതുന്നവളുടെ മാത്രം പ്രാണസങ്കടമാണ്.

അടുക്കളയെന്ന അനിവാര്യതയെ പിന്തുടരുമ്പോഴും ആയിടം തന്റെ സർഗ്ഗാത്മകതയെ പിന്നോട്ടടിക്കുന്ന ഒരിടം തന്നെയാണെന്ന് മ്യൂസ് മേരി ടീച്ചർ തുറന്ന് പറഞ്ഞത് ഈയിടത്തിൽ ഓർത്തു, ചേർത്തു വെയ്ക്കുന്നു.

തനിക്ക് വേണ്ടി, തന്റെ ഉള്ളിലെ ആന്തരികമായിക സ്വപ്നാന്തര യാത്രകളെ പകർത്താൻ വേണ്ടി മാത്രമാണ് മിക്ക സ്ത്രീകളും എഴുത്ത് പുസ്തകം ഓടിച്ചെന്ന് ആരും കാണാതെ തുറക്കുന്നത്. സമയമില്ലായ്മകളിൽ പിടഞ്ഞ് എഴുതുന്നവളുടെ പ്രാണൻ ആ അക്ഷരങ്ങൾ കാന്തശക്തിയോടെ പകർത്തുന്നത് കൊണ്ടാവാം, ജീവന് ജന്മം നൽകുന്നവളായത് കൊണ്ടാവാം പലപ്പോഴും എഴുത്തിടങ്ങളിൽ പാർശ്വവത്ക്കരണം നേരിടേണ്ടി വന്നാലും പെണ്ണെഴുതുന്ന വഹകൾക്ക് കൂടുതൽ ജൈവികതയും, വഴക്കവും ശക്തിയും സ്വീകാര്യതയും ലോകവ്യാപകമായി ഏറി വരുന്നത്.

ബൗദ്ധിക വ്യായാമം ഏറെയാവശ്യമുള്ള എഴുത്ത് പ്രക്രിയയിൽ, പുരുഷന്, പലപ്പോഴും തനിക്ക് തോന്നുന്ന സ്വസ്ഥതകളിൽ, വിജനതകളിൽ പോയിരുന്ന് സാധിക്കുന്ന വിധത്തിൽ എഴുത്ത് എന്ന കൃത്യം അല്ലലില്ലാതെ നിർവ്വഹിക്കാൻ സാധിക്കുന്നുണ്ട്. പുരുഷനോടൊപ്പമോ, അതിനേക്കാൾ മീതെയോ സർഗ്ഗാത്മകതയുള്ള സ്ത്രീകൾക്ക് എപ്പോഴാണ് അതിനുള്ള സ്വസ്ഥ സാഹചര്യം കിട്ടുക എന്ന് ചികഞ്ഞാൽ, സാമൂഹ്യ-ലിംഗപരമായി, ജൈവപരമായി, അവൾ നേരിടുന്ന ആദിമ വിവേചനത്തിൽ അടിസ്ഥാനപരമായി എത്തിച്ചേരും നമ്മൾ. ചിരപരിചിതമായ ആ ദുരവസ്ഥ തന്നെയാണ് എല്ലാ ചോദ്യത്തിനും ലഭിക്കുന്ന ഏക ഉത്തരം...!

■






വിജില

# പച്ച പൊങ്ങ് പെരുവഴി

**ഞാ**ൻ നിന്നെ കണ്ടുമുട്ടുമ്പോൾ ഉറപ്പായും ഒന്ന് കെട്ടിപ്പിടിക്കും
ഒരു കാമുകൻ മനസിലാക്കുന്നതിനേക്കാൾ ഉച്ചത്തിൽ നീയെന്റെ വിതുമ്പൽ കേൾക്കുന്നു
ഒരു നിമിഷം എന്റെ കണ്ണുകൾ
നിന്റെ പെൺകുഞ്ഞിനെ ഓർമ്മിപ്പിക്കും
അപ്പോൾ ഒരിക്കൽ ഏൽപ്പിച്ച ഓർമ്മകൾ
തിരികെ വാങ്ങാൻ വന്ന
കുഞ്ഞു വളക്കൈകൾ വളർന്നതാണെന്നും
മകളുടെ മറ്റൊരു ജന്മമാണ് ഇവളെന്നും നീ ഇരുത്തി മൂളും

ഏറ്റവും പ്രിയപ്പെട്ട
എന്റെ കളിക്കൂട്ടുകാരന്റെ കണ്ണുകൾ പളുങ്ക് ഗോട്ടികളായി ഉരുണ്ടുവന്ന്
എന്റെ തോർന്ന കണ്ണുകളിലെ മഴവില്ലുമായി ഏറ്റുമുട്ടും.
നമ്മൾ മാനാഞ്ചിറയിലെ മരങ്ങളിലൊന്നിൽ കല്ലെറിഞ്ഞ്
മിഠായിത്തെരുവിലേക്ക് തിടുക്കത്തിൽ നടന്നുതുടങ്ങും
തഴമ്പില്ലാത്ത എന്റെ കൈകൾ
ഭാരം തൂക്കി ചുവന്നത് നീ ശ്രദ്ധിക്കും
പ്രാന്ത് മൂത്ത് കളഞ്ഞ
നിന്റെ ഇരിപ്പു ജോലിയോർത്ത്
'സർവരാജ്യ ആദർശത്തൊഴിലാളികളേ സംഘടിക്കുവിൻ' എന്ന്
സകല കമ്യൂണിസ്റ്റ് പച്ചയിലും പടർന്നുകേറുന്ന നിന്നെ കാണും

പെരുവഴിയിൽ ഒരു നിമിഷം
ഞാനൊറ്റപ്പെട്ടുവെങ്കിലും
ഇപ്പോൾ ഒരു കൊപ്രക്കളത്തിന് മുന്നിലെത്തി
മധുരിക്കും പൊങ്ങിന്റെ ഓർമ്മയിൽ
നാവിലെ സകല മുഷിപ്പുകളെയും
അലിയിച്ചു കളയുകയാണ്



ഷമീന ബീഗം

# അഹ്.. അഃ ....
# അത്ര മാത്രം


ആദിയിൽ 'ദൈവമില്ലായിരുന്നു!'
ഒപ്പം 'വചനമല്ലായിരുന്നു.!'
പ്രപഞ്ചത്തിന്റെ പ്രാണൻ
ശ്വാസോച്ഛ്വാസമെടുക്കുന്ന
നേരിയ ശബ്ദം ...
'അഹ്...അ:'
അത്ര മാത്രം.

ആദിമസ്വരം.
ആദ്യാക്ഷരം..
ആദ്യത്തെ അക്കം..
അന്നായിരം ഭാഷകളില്ലായിരുന്നു!
അഹ്..അ:
അത്ര മാത്രം.

പ്രാണന്റെ രവം..
അഹ്...അ:
അത്ര മാത്രം.

പിന്നെയാണു മനുഷ്യരുണ്ടായത്.
അത് വരെ
അഹ്..അ:
അത്ര മാത്രം.

സുമേറിയൻ 'വഹ്'.. ചേർത്തു..
ആര്യൻ 'അം' ചേർത്തു..
അറേബ്യൻ 'അൽ' ചേർത്തു..
ദ്രാവിഡൻ 'അൻ' ചേർത്തു..
അത്ര മാത്രം!



അഹ്  അധികം 'വഹ്' യഹ് വയായി
അഹ് അധികം 'അം' ഓം ആയി
അഹ് അധികം 'അൽ' അല്ലാഹ് ആയി
അഹ് അധികം 'അൻ' അയ്യൻ ആയി
അത്ര മാത്രം!

അധികം ചേർത്തതൊക്കെ അധികമാകും
അധികമായതൊക്കെ മാഞ്ഞു പോകും
അപ്പോഴും ശേഷിക്കും
അഹ്..അ:
അത്ര മാത്രം...

അന്ത്യത്തിലും ദൈവമില്ലായിരിക്കും
ഒപ്പം വചനമല്ലായിരിക്കും
പ്രപഞ്ചത്തിന്റെ പ്രാണൻ
ശ്വാസ്വാചശ്വാസമെടുക്കുന്ന
നേരിയ ശബ്ദം..
അഹ്..അ:
അത്ര മാത്രം.

അന്ത്യാക്ഷരം
അന്തിമകാഹളം
അനന്തതയിലേക്കൊരു അക്കം
അഹ്..അ:
അത്ര മാത്രം!

■

പെൺപക്ഷം



അജിത കെ.

# 'നാടിന്റെ പോക്ക് ഹാ കഷ്ടം!'

ഇക്കഴിഞ്ഞ ഗാന്ധിജയന്തി 150-ാമത്തേതായിരുന്നു. ഗാന്ധിയെന്ന ചരിത്രപുരുഷൻ ഉയർത്തിപ്പിടിച്ച ഇന്ത്യയിലെ ജനാധിപത്യവും മതനിരപേക്ഷതയും വിവിധ വിഭാഗങ്ങളുടെ ബഹുസ്വരതയും അതിഭീകരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. 'ഒരു രാഷ്ട്രം, ഒരു മതം, ഒരു ഭാഷ, ഒരു തെരഞ്ഞെടുപ്പ്' എന്നിങ്ങനെ പോകുന്നു ആ ഭീഷണി. അതിന്നിടയ്ക്ക് ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത സാമ്പത്തികമാന്ദ്യത്തിലൂടെ രാജ്യം കടന്നുപോകുന്നു. കാഷ്മീരിനെ ഒരു തുറന്ന ജയിലാക്കി മാറ്റിയിരിക്കുന്നു. എല്ലാ വാർത്താവിതരണ മാദ്ധ്യമങ്ങളും - ഇന്റർനെറ്റ്, ഫേസ്ബുക്ക്, വാട്സ്ആപ് മുതലായവ തടഞ്ഞിരിക്കുന്നു. തങ്ങളുടെ മക്കളെ സൈന്യം പിടിച്ചു കൊണ്ടുപോയി അവർ എവിടെയാണെന്നറിയാതെ ആർത്തലച്ചു കരയുന്ന അമ്മമാരെപ്പറ്റിയുള്ള വാർത്ത നമ്മൾ കഴിഞ്ഞ ആഴ്ചയാണ് വാർത്തകളിൽ കണ്ടത്.

ഇതിനിടയിൽ ലക്ഷക്കണക്കിന് ആളുകളുടെ പൗരത്വം നിഷേധിക്കുന്ന എൻ.ആർ.സി. പ്രക്രിയയുടെ ബലിയാടുകളായ ലക്ഷക്കണക്കിന് ആസാം നിവാസികളുടെ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ആർ.എസ്.എസ്. തന്നെ ഈ പ്രക്രിയയെ എതിർത്തുകഴിഞ്ഞു. ഇന്ത്യൻ പൗരത്വം നിഷേധിക്കപ്പെട്ടവരിൽ ഭൂരിഭാഗം അവരുടെ അനുയായികളാണത്രെ.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഈ അധഃപതനത്തിൽ ഒരു പങ്കുമില്ലെന്ന് നമ്മൾ തെറ്റിദ്ധരിക്കരുത്. അഴിമതി, സ്വജനപക്ഷപാതം, കുതികാൽവെട്ട്, മൃദുഹിന്ദുത്വം, സവർണ്ണ മേൽക്കൈ, പുരുഷാധിപത്യം എല്ലാം ചേർന്നതാണ് കോൺഗ്രസ്സ്. ജനാധിപത്യം തകരുന്നതിൽ തീർച്ചയായും പഴയ ഭരണകൂടത്തിന് പങ്കുണ്ട്. പക്ഷെ, നമുക്ക് ഒരു ബദലുണ്ടോ? അതാണ് ഇപ്പോഴത്തെ അവസ്ഥ.

യഥാർത്ഥ ജനകീയ, ഇടതുപക്ഷ, പുരോഗമന പ്രസ്ഥാനങ്ങളുടെ ഒരു ഉയിർത്തെഴുന്നേല്പ് മാത്രമേ രക്ഷയുള്ളൂ. ഇത് നടക്കുമെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം, കാത്തിരിക്കാം. അതിന്നിടയ്ക്ക് അടൂർ ഗോപാലകൃഷ്ണനേയും, 49 സിനിമാ പ്രവർത്തകരേയും പോലെ എപ്പോഴാണ് നമുക്ക് നേരെയും കടന്നാക്രമണമുണ്ടാവുക എന്നത് സമയത്തിന് വിട്ടുകൊടുക്കാം.



# ഇടവേളകളിലെ ചുംബനങ്ങൾ



വിജയരാജമല്ലിക

**നീ** അരികിലില്ലാത്ത ചില നേരങ്ങളിൽ
ഞാനെന്റെ ഡയറി വെറുതെ പിറകോട്ടു മറിക്കും

അടിവരയിട്ട വരികൾക്കിടയിലൂടെ
ഒരാളെന്റെ കനവിൽ
വന്നു നിറയും
നിഴൽപോലുമില്ലാതെ

പുറംചട്ടകളിലൂടെ ഊർന്ന്
വിരി നീക്കി മേശക്കടിയിൽ
ആനകളിക്കും
കൊമ്പുകുലുക്കി അലറും
വെള്ളം ചീറ്റി ചിരിക്കും

ഇടവേളകളിലെ ആ ചുംബനങ്ങളിൽ ഞാനാകെ പൂത്തുലയുമായിരുന്നു
കീഴ്ചുണ്ടിന്റെ ഓരങ്ങളിൽ
രക്തപുഷ്പങ്ങൾ വിടർന്നു തുളുമ്പും
ദ്യുതിപ്രവാഹങ്ങളിൽ
വിറപൂണ്ട് കമ്പളങ്ങൾ തേടും

നീ ഉള്ളപ്പോഴും അയാൾ
വരാറുണ്ട്
എന്നെ മറന്ന് ഒറ്റയ്ക്കോടി
പന്തയം കഴിഞ്ഞു
സ്വാർത്ഥനായി തിരിഞ്ഞും കമിഴ്ന്നുമുറുങ്ങുമ്പോൾ
ഞങ്ങൾക്ക് മുമ്പിൽ വസന്തം ചിറകടിക്കുന്നുണ്ടാകും
നിനവുകളിലെങ്കിലും നിർവൃതിയായി
എഴുപതിലെത്താതെ
തുഴയുന്നുണ്ടാകും !

■



# രഹസ്യം

**ഒ**രു രഹസ്യം പറയട്ടെ
അവിടത്തെ ദൈവവും
ഇവിടത്തെ ദൈവവും
തമ്മിൽ കടുത്ത പ്രണയത്തിലാണ്

ഇന്നലെയും കൂടി അവർ
നടക്കുമ്പോൾ വിരലുകൾ
പിണയുന്നത് കണ്ടു
പിരിയുന്ന നിമിഷത്തിൽത്തന്നെ
ചുണ്ടുകൾ ചേരുന്നതും.

അവരുടെ താടിരോമങ്ങളിൽ
സ്വർഗ്ഗത്തിലെ അപ്പക്കഷണങ്ങളോ
ജടകളിൽ പുണ്യജലത്തിന്റെ നനവോ
ഉണ്ടായിരുന്നില്ല

പകരം
ഒരുമിച്ചുറങ്ങിയപ്പോൾ
വിരിഞ്ഞ പൂവിതളുകൾ
പങ്കുവെച്ച മുറിപ്പാടുകളിലെ
ചുവന്ന പ്രളയം

പറയു
ശിക്ഷാവിധി
നീ അവിടെയുണ്ടല്ലോ
ഇവിടെയും.



സ്റ്റാലിന

■





ഗീത തോട്ടം

# എഴുത്തുകാരിയുടെ ആത്മകഥ

**(അഷിതയ്ക്ക് സമർപ്പിക്കുന്നു )**

അതിപ്രശസ്തയായിരുന്നില്ല അവൾ;
അതിസുന്ദരിയും.
ഒട്ടുമേ അനുഗൃഹീതയായിരുന്നില്ല.
നവകാലത്തിന്റെ കച്ചവടതന്ത്രങ്ങളിൽനിന്ന്
കൃത്യമായ അകലം പാലിക്കുകയാൽ
അവളെ വായിക്കുന്നവർ കുറവായിരുന്നു.
വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞു നിന്നിരുന്നു.
വാക്കുകളുടെ മൂർച്ചയും
കൃത്യമായ ഉന്നവും
അക്ഷരങ്ങളിലിടം തികയാഞ്ഞ്
ചുറ്റും ചിതറിവീണ
അരോചകമായ സത്യസന്ധതയും അവളുടെ എഴുത്തിന്റെ സവിശേഷതകളായിരുന്നു.

ഒന്നും തുറന്നു പറയാത്തതിനാൽ സുഹൃത്തുക്കളും,
രഹസ്യങ്ങളുടെ പിൻവാതിൽ തുറന്നുവയ്ക്കാത്തതിനാൽ അഭ്യുദയകാംക്ഷികളും,
സ്വന്തം ശരീരത്തെ ബഹുമാനിക്കുന്നവളാകയാൽ കാമുകന്മാരും,
തങ്ങളുടെ ഭ്രമണപഥങ്ങളിൽ അവളെപ്പെടുത്തിയില്ല.
പെട്ടുപോകാൻ മാത്രം മായികമായ കാന്തികാകർഷണവലയം അവൾക്കുചുറ്റും
ഉണ്ടായിരുന്നുമില്ല.

ശരീരം ആത്മാവിനോട് പിണങ്ങിത്തുടങ്ങിയ നാളുകളിൽ
അവൾ തന്റെ സത്യങ്ങൾ ലോകത്തോടു പറയാനുറച്ചു.

'സാഹിത്യകാരിയുടെ ആത്മകഥ'യിൽ പ്രതിനായകന് സംരക്ഷകന്റെ അതേ
മുഖച്ഛായയായിരുന്നു.
സമൂഹത്തിൽ,
സമുദായത്തിൽ,
രാഷ്ട്രീയത്തിൽ,
സൂര്യനായിരുന്നു അയാൾ.
സൗഹൃദങ്ങളിൽ,
വ്യക്തി ബന്ധങ്ങളിൽ,
പ്രണയത്തിൽ,
പൂർണ്ണചന്ദ്രനും.
പകരക്കാരനില്ലാത്തവൻ.
മീനച്ചൂടു പോലെ അയാളുടെ വാക്കുകൾ
കേൾവിക്കാരെ
ചുട്ടുപൊള്ളിച്ച് അസ്വസ്ഥരാക്കി.

നിലാവു പോലെ പെയ്ത സൗമ്യഭാഷണങ്ങളാവട്ടെ
ഇഷ്ടക്കാരെ കുളിരണിയിച്ചു.

പുറത്തെടുക്കാനാവാത്ത
പല്ലും നഖവും,
തെറിവാക്കുകളും,
ദുർഗന്ധങ്ങളും,
വികാരത്തള്ളിച്ചകളും,
അവളിൽ
കുടഞ്ഞിട്ട് കുത്തിനിറച്ച്
അയാൾ സ്വയം വെടിപ്പായി നടന്നു.

ആത്മനിന്ദയിലും സഹനത്തിലും
ഉരുകിത്തിളച്ച അവളുടെ വാക്കുകൾ
ഒടുക്കം തീത്തുള്ളികളായിത്തെറിച്ചുവീണു.
അവ ചെന്നു പറ്റിയ ഇടങ്ങളെല്ലാം പുകഞ്ഞുകത്താൻ തുടങ്ങി.

സൂര്യനെ കാർമേഘങ്ങൾ മറച്ചു.
പൂർണ്ണചന്ദ്രനെ രാഹുകേതുക്കൾ വിഴുങ്ങി

സഹനം മുരടിപ്പിച്ചുകളഞ്ഞ
അവളുടെ സന്തോഷത്തിന്റെ മുകുളങ്ങൾക്കു മേൽ
വിഷാദം പൊഴിഞ്ഞ്
കനത്തുറഞ്ഞു കിടന്നു.

അവൾക്ക് വിഷാദരോഗം മൂർച്ഛിച്ചിരുന്നുവെന്നും
ഒടുവിലൊടുവിൽ നിത്യേനയെന്നോണം മായക്കാഴ്ചകൾ കാണാറുണ്ടായിരുന്നെന്നും
അവളുടെ തന്നെ സുഹൃത്തുക്കൾ
അയാളുടെ തുണയ്ക്കെത്തി.

കെട്ടുപിണഞ്ഞുകിടന്ന, അവളുടെ വാക്യങ്ങളുടെ വള്ളിപ്പടർപ്പുകൾക്കടിയിൽ,
അക്ഷരങ്ങളുടെ ചവറ്റിലകൾക്കിടയിൽ,
ചിന്തകളുടെ ഇരുളിമയിൽ,
അഭിലാഷരഹിതമായ ശരീരത്തിന്റെ തണുപ്പിൽ,
മനോരോഗത്തിന്റെ അണലിപ്പാമ്പുകൾ പതുങ്ങിക്കിടന്നിരുന്നത്രേ!
ചുരുട്ടുമണ്ഡലിയും
മഞ്ചട്ടിയും
ചേനത്തണ്ടനുമൊക്കെയായി അവ സമയാസമയങ്ങളിൽ പകർന്നാട്ടം നടത്തിയിരുന്നു പോലും.!
അതിവിദഗ്ദ്ധരായ
നാഗനിരീക്ഷകരും
മനശ്ശാസ്ത്രവിഷാരദന്മാരും
അവളുടെ എഴുത്തുകളെ കീറിമുറിച്ച് അക്ഷരം, ചിഹ്നം, പദരൂപം വാക്യഘടന എന്നിവ
വിദേശങ്ങളിലടക്കം പല പരീക്ഷണങ്ങൾക്ക് വിധേയമാക്കി ഉറപ്പു വരുത്തിയത്രേ.

സഹതാപത്തിന്റെ നനഞ്ഞതുണികളേക്കാൾ രോഷത്തിന്റെയും
പരിഹാസത്തിന്റെയും
കരിങ്കൽച്ചീളുകളായിരുന്നു
അവളുടെ കുഴിമാടത്തിൽ വന്നുവീണത്.

വിവിധ തരത്തിൽപ്പെട്ട അണലിപ്പാമ്പുകളും കുഞ്ഞുങ്ങളും
തുന്നിച്ചേർക്കലുകൾ പൊട്ടാതെ,
പഞ്ഞിയും പഴന്തുണിയും പുറത്തു കാണാതെ,
അതീവ ശ്രദ്ധയോടെ,
അടുത്തവളുടെ ആത്മകഥയിലെ തണുപ്പിലേക്കും ഇരുട്ടിലേക്കും
ഒളിച്ചു കടത്തപ്പെട്ടു.

■





വി. എസ്. ബിന്ദു

# ചീയൽ

മരിച്ചാലെവിടെ മൂടുമെന്ന്
വേവലാതിപ്പെടാത്തോർ
മാടുകൾ പറവകൾ മരങ്ങൾ
വെട്ടിവെട്ടിപ്പിടിക്കാത്തോർ
ഭാഷയിൽ നീട്ടില്ലാത്തവർ
ചീയലുചിതമെന്നറിയാവുന്നവർ
പുൽനാമ്പിലൂറുന്ന ജീവിതത്തെ
ചിറകിൽ പാറുന്ന ജീവിതത്തെ
തളിരായ് നിവരും ജീവിതത്തെ
കുതിപ്പായി കൊതിപ്പിക്കുന്നവർ
ബേ ..എന്ന വിളിയിലേക്ക്
ശൂ.. എന്ന പറക്കലിലേക്ക്
ഠപ്പ് ...എന്ന വിരിയലിലേക്ക്
എല്ലാമൊതുക്കുന്നവർക്ക്
വീണേടം ചാവിടങ്ങളാകുമല്ലോ
പെണ്ണഴൽ പാടങ്ങളും
പെൺകയർ മുറുക്കങ്ങളും
പെണ്ണുടൽ കീറലുകളും
മണ്ണിലേക്കു പുതയവേ
എല്ലാം പോയെന്നവർ തലയാട്ടും
മതി കെട്ടവരാണവർ പോലും
മതിലു കെട്ടാത്തവർ
മണ്ണിനടിയിൽ പായും ഉരുളു കേട്ട്
അരുതരുതെന്നു പറയുവോർ
അവരെഴുതാത്ത പാഠമല്ലോ
അറിവുകെട്ടവരുടെ കൊല നിലം.
ചാവടക്കിനിടം തേടുന്നവർ നാം
മറന്നു പോകുന്നതുമതേ പാഠം
ചീയലാണുചിതം സൂര്യനെക്കണ്ട്
മഴ നനഞ്ഞ് വെയിലടിയേറ്റ്
മണ്ണിലും പെണ്ണിലും നിറഞ്ഞ്
ചീയലാണേറ്റ മുചിതം.

■



അജിത ടി. ജി.

# ബോധിസ്ക്കോപ്പ്

അങ്ങിനെയിരിക്കുമ്പോൾ
ഇടക്കെപ്പോഴെങ്കിലും
എനിക്കെന്നെ
തൊട്ടു നോക്കാൻ തോന്നാറുണ്ട്.

തിളച്ചുമറിയുന്ന
കറിച്ചട്ടിയിൽ നിന്ന്
ഇത്തിരിപ്പാർന്നെടുത്ത്
ഇടം കൈപ്പത്തിയിൽ നിന്ന്
ചൂടോടെ തൊട്ടുനോക്കുംപോലല്ല

നിശ്ചലമായൊരു തടാകത്തിനു
കുറുകെ പറക്കുമ്പോൾ
അലസമായി പതിക്കുന്ന
ഒരു നീലത്തൂവൽ
ജലം തൊടുമ്പോലെ.....

പതുക്കെ !

നിന്നെയോർത്തെപ്പോഴോ
കടിച്ചു തുപ്പിയ നഖങ്ങളുള്ള
വെടിച്ചുകീറിയ വിരലറ്റം കൊണ്ട്
പതുക്കെയൊന്നു തൊടും നേരം
കരച്ചിലുകൾ വിഴുങ്ങിക്കളഞ്ഞ
തൊണ്ടക്കുഴിയിൽ
തേൻ കിനിയും,

ഒടിഞ്ഞു തൂങ്ങിയ
യൗവനത്തിനരികിലുള്ള മറുക്
കാറ്റു തൊട്ടുണർത്തുന്ന
കാശിത്തുമ്പ വിത്തുകളാകും,



വയറിലെ പുലിനഖപ്പാടുകൾ
അക്ഷാംശ രേഖാംശങ്ങളായി
ഭൂഗോളമാപിനികളാകും,

വരണ്ടുണങ്ങിപ്പോയ പൊക്കിളിൽ
ആമ്പലു പൂവിടും,

കറുത്ത കാടുകളിൽ
പുള്ളിമാനുകളോടിക്കളിക്കും
കാലറ്റം വരെ
ചീർത്തു വീർത്തു വിങ്ങുന്ന
ഞരമ്പിൻ പറ്റങ്ങളെ
ആട്ടിയോടിച്ചക്കരേക്കു പായിക്കും

കുഴിനഖക്കാലുകളിൽ
നാലുമണിപ്പൂക്കൾ വിരിയും

അതിൽ നിന്നൊരുനുള്ള്
പൂമ്പൊടിയെടുത്ത്
ഞാനൊരു പൊട്ടു തൊടും
ഒരു വലിയ വട്ടപ്പൊട്ട്
ഒരു മഞ്ഞപ്പൊട്ട് !

■



# അഴിഞ്ഞാട്ടം



ശാന്തി ജയ

**ചു**ണ്ടിലൊരുമ്മ
കഴുത്തിനു മുകളിൽ
ഒരു സ്ത്രീ ജനിക്കുന്നു
നെഞ്ചിലൊരുമ്മ
അരയ്ക്കു മുകളിൽ
ഒരു സ്ത്രീ ജനിക്കുന്നു
ഇടുപ്പിലൊരുമ്മ
മുട്ടിനു മുകളിൽ
ഒരു സ്ത്രീ ജനിക്കുന്നു
കണങ്കാലുകളിലുമ്മ
മണ്ണിനു മുകളിൽ
ഒരു സ്ത്രീ ജനിക്കുന്നു
നാലു സ്ത്രീകൾ
പിറന്നപടി
അവർക്കൊപ്പം ഞാനും
നിന്റെ മുഖത്തുനിന്ന്
അടർന്നു മാറി
നിലം തൊടാതെ
പച്ചയ്ക്കും നീലയ്ക്കുമിടയിൽ
വിരലുകൾ കോർത്തുകുരുക്കി,
പാമ്പിനെ പാമ്പുവിഴുങ്ങിയ
പേക്കിനാവിലകപ്പെട്ട്
വിജൃംഭിച്ച് വിവശമായ
പ്രപഞ്ചത്തിന്റെ അതിരോളം
വളഞ്ഞുപുളഞ്ഞ്,
ഓളപ്പെട്ടും താളപ്പെട്ടും
കവിയുന്ന കാലം പോലെ
ആദിമദ്ധ്യാന്തങ്ങളില്ലാതിങ്ങനെ...

■



ഉമ രാജീവ്

# ഉടവ്




കുളിമുറിയിലെ
ഉടഞ്ഞുപോയ
കണ്ണാടിയുടെ കറ
അതിർ വരച്ച
ചുമർശൂന്യത
കണ്ട കാഴ്ചകളൊക്കെ
തിരികെ തരുന്നു

വെറുത്തും
വിയർത്തും
വിറച്ചും
പതിഞ്ഞ പെൺരൂപം
നിന്റെ നോട്ടമായ്
ഇപ്പുറത്തും
നിന്റെ കാഴ്ചയായ്
അപ്പുറത്തും നിന്ന
ഒറ്റ ഉടൽ
ഇരട്ട കൺകോണുകൾ

കൈനീട്ടി തൊട്ടാൽ
തിരിച്ചറിയാതെ
അയഥാർത്ഥ്യം എന്ന
മിനുസം
തനിയെ തൊട്ടാൽ
കുളിർത്തെഴുന്നേറ്റ
രോമങ്ങൾ

കൈ കുതറലിൽ തെറിച്ച
എണ്ണ, സോപ്പ്, മണങ്ങൾ
ഒട്ടുപൊട്ടിന്റെ 'ഓ' വിളികൾ

കുറ്റിയിട്ട് തിരിഞ്ഞപ്പോൾ
കേട്ടില്ലെന്ന് നടിച്ച ഒച്ചകൾ
കുക്കർ
കോളിംഗ് ബെൽ
പിള്ളക്കരച്ചിൽ



കാലത്തെ പിടിച്ചെടുത്ത
നരകൾ, ചുളിവുകൾ
നിവരാൻ മടിയ്ക്കുന്ന
നാണങ്ങൾ

ആദ്യം കണ്ടപ്പോളത്തെ
അങ്കലാപ്പ്
ഓർത്തു വയ്ച്ച്
പിന്നെ പറയാം
പിന്നെ പറയാം
എന്ന് പലതവണ മാറ്റിയ
രഹസ്യം

**************

പൊടുന്നനെ ഉടഞ്ഞപ്പോൾ
ഒന്നും ബാക്കി വച്ചില്ല
നടക്കുന്ന ഒച്ചയും
ചുമരിലെ കറയതിരുമല്ലാതെ

ചൂലും തേപ്പും മുറവും
ആരും ചവിട്ടാത്ത
അതിർത്തിക്കല്ലിൽ കുടഞ്ഞ് പെറുക്കുമ്പോൾ
ഒരായിരം
ഒരുവൾ നോക്കുന്നു
പുറത്തു കടന്ന
ഭിത്തിയിൽ നിന്നടർന്ന
കുടുക്ക് ദ്രവിച്ച
ഒരായിരം ഒരുവൾ
തുറിച്ചു നോക്കുന്നു





ദീപ കരുവാട്ട്

# ഒറ്റയ്ക്കായൊരാളുടെ ജല്പനങ്ങൾ

ഉൾവലിഞ്ഞ്
ആരും കാണാതെ,
ആരേയും കാണിക്കാതെ,
മൗനത്തിന്റെ കുപ്പായത്തിനകത്ത് ചിതൽപ്പുറ്റിനുള്ളിലെന്നപോലെ,
ജീവനൂറിയവയെയൊക്കെ നിർജ്ജീവമാക്കി,
മുള പൊട്ടിയ സ്വപ്നങ്ങളുടെ ചിറകുകളെ അരിഞ്ഞുവീഴ്ത്തി,
ചുറ്റും വേലികൾതീർത്ത്, പ്രണയങ്ങളെയെല്ലാം ആട്ടിപ്പായിച്ച്,
അപരിചിതത്വം നൂഴ്ന്നുകേറാതിരിക്കാൻ എല്ലാ പഴുതുകളേയും അടച്ച്,
കാലങ്ങളോളം
വല്ലാത്തൊരു അവസ്ഥയിലേക്ക് പരിണമിച്ചു കൊണ്ട്
ഒറ്റയ്ക്ക്
ഒറ്റയ്ക്ക്
ഒറ്റയ്ക്ക്
പിറുപിറുത്തു കൊണ്ട്

പിന്നെയെപ്പോഴാണ്
നീ കയറിവന്നത്?
തിരസ്ക്കരിച്ചിട്ടും
നിഴലുപോലെ കൂടെ വന്നത്?
നടക്കുന്ന വഴികളിൽ
നിഴൽ പോലെ എന്നെ പിന്തുടർന്നു പോരുന്നത്,
ഇപ്പോൾ –
നിനക്കുമാത്രം നികത്താവുന്ന ശൂന്യതകൾ
നിന്റെ സാമിപ്യം മാത്രം നല്കുന്ന സാന്ത്വനം.
നിന്റെ വിരലുകൾ മാത്രം നല്കാവുന്ന സ്പർശത്തിന്റെ ഊഷ്മളത

നിഴലേ, ഞാൻ നിന്നെ നെഞ്ചോടുചേർത്തു വയ്ക്കുന്നു!

■



ലക്ഷ്മി പി.

# ഉണർന്നപ്പോഴാണ് സ്വപ്നമായിരുന്നുവെന്നറിഞ്ഞത്....

ഉണർന്നപ്പോഴാണ്
സ്വപ്നമായിരുന്നുവെന്നറിഞ്ഞത്,
കാലുതരിച്ചിരുന്നത്,
പിന്നെ
അനക്കാൻ പറ്റാഞ്ഞത്,
തൊണ്ടവേദനിച്ചത്,
കഴുത്തിൽ
വൈക്കോൽനാരുപോലെ ഉരഞ്ഞ
പരപരാമുടി കെട്ടിവെച്ചത്.

ഉണർന്നപ്പോഴാണ്,
ജനൽ സാക്ഷ ഇട്ടിട്ടുണ്ട്
വാതിലടച്ചിട്ടുണ്ട്
അടുത്ത് ആൾ കിടന്നുറങ്ങുന്നുണ്ട്
ഗുഡ്നൈറ്റന്നെഴുതിയ
കുഞ്ഞുലാമ്പിൽ
വെളിച്ചമുണ്ട്
രാത്രി ബാക്കിയുണ്ട്.

ഒന്നുറങ്ങിപ്പോയപ്പോഴാണ്
ജീവിച്ചിരുന്നതിന്റെ ക്ഷീണം
കൊണ്ടടഞ്ഞുപോയപ്പോഴാണ്,
ഇന്നല്ല, ഇന്നലെയും
ഇരുപത്തൊന്ന് വർഷവും.
മഴക്കാലമാണ് -
പതിവാണ്.



സ്വപ്നത്തിലെപ്പോഴും
അമ്മ പുറത്താണ്
ഉമ്മറത്തിരുന്ന് പാത്രം മോറുകയാണ്
ഉമ്മറം നിറയെ പാത്രമാണ്
പാത്രത്തിലൊക്കെ
ചോറ്
അടിയിൽ പിടിച്ചതിന്റെ കരിയാണ്.

സ്വപ്നത്തിലെപ്പോഴും
ഞാൻ പുറത്താണ്.
സോപ്പ് പതയുന്നത് നോക്കുകയാണ്,
സബീനാസോപ്പാണ്,
അമ്മയിടക്കെന്നെ നോക്കുന്നുണ്ട്
പനിപിടിപ്പിക്കണ്ടെന്ന്
പറയുന്നുണ്ട്,
എന്റെ കൈയാകെ നനവാണ്
സോപ്പ് പതകളെ
ഒഴുക്കുകയാണ്,
മുറ്റത്ത് മഴയാണ്,
മഴ തന്നെയാണ്
തനിച്ചായതിന്റെ ഊക്കിലാണ്,
വെള്ളം കേറിക്കേറി വന്നമ്മ
ഇരിക്കുവോളവും
നനയുന്നുണ്ട്.

സ്വപ്നത്തിലെപ്പോഴും
സന്ധ്യയാണ്.
ഇന്നമ്മ വിളക്ക് വെക്കില്ലേ എന്ന്
ഞാനോർക്കുന്നുണ്ട്
വിളക്ക് വെച്ചെങ്കിൽ
സോപ്പ്പതയിലെത്ര നിറം
വന്നേനേയെന്ന്
ആശിക്കുന്നുണ്ട്
മഴയിപ്പോഴും പെയ്യുന്നുണ്ട്
ഞങ്ങൾ ഇരുന്നിടത്തെ
ഓട് ഇളകിവീഴുന്നുണ്ട്,
ഒന്ന്, രണ്ട്, മൂന്ന്, നാല് -
ഞാൻ എണ്ണുകയാണ്,
പത്തിന്റപ്പുറം എണ്ണാനമ്മ



പറഞ്ഞു തന്നിട്ടില്ലല്ലോ എന്ന്
എനിക്ക്
സങ്കടം വരുന്നുണ്ട്.



സ്വപ്നത്തിലെപ്പോഴും
അച്ഛൻ
ഇറങ്ങിവരുന്നുണ്ട്
വേണമെങ്കിൽ
വേഗമിറങ്ങിക്കോ, യെന്ന്
പറയുന്നുണ്ട്,
അപ്പോഴും ചിരിക്കുന്നുണ്ട്
ചെരിപ്പിന്റെ വാറ് കെട്ടുമ്പോളെന്നെ നോക്കുന്നുണ്ട്
ഒന്ന്, രണ്ട്, മൂന്ന് –
മൂന്നടികൊണ്ടാണച്ഛൻ
പടികടന്നതെന്ന്
ഞാൻ എണ്ണുന്നുണ്ട്.

സ്വപ്നത്തിലെപ്പോഴും
ഞാനമ്മയെ വിളിക്കുന്നുണ്ട്
അച്ഛൻ പോയല്ലോയെന്ന്
പറയണമെന്നുണ്ട്
എനിക്ക് പേടിയാവുന്നുണ്ട്,
ഒച്ച പൊന്താഞ്ഞിട്ട് വെപ്രാളപ്പെടുന്നുണ്ട്,
വെപ്രാളപ്പെടുമ്പോഴൊക്കെയും
ഞാനുണർന്നുപോവുന്നുണ്ട്.

ഉണർന്നപ്പോഴാണ്,
സ്വപ്നമായിരുന്നുവെന്നറിഞ്ഞത്,
ഒച്ചയുണ്ടാക്കാനപ്പോൾ
പേടിതോന്നിയത്,
ഒച്ച വന്നില്ലെങ്കിലോയെന്ന്
പരിഭ്രമിച്ചത്,
കാലു തരിച്ചിരുന്നത്,
പിന്നെ
അനക്കാൻ പറ്റാഞ്ഞത്,
തൊണ്ടവേദനിച്ചത്,
കഴുത്തിൽ
വൈക്കോൽനാരുപോലെ ഉരഞ്ഞ
പരപരാമുടി കെട്ടിവെച്ചത്.

■





സേതുലക്ഷ്മി സി.

# ചില ചിത്രങ്ങൾ

ഒരു ഞൊടി, ശ്വാസപ്പാതി, തെളിവേനൽ വാനിൽ പാറും നീലപ്പക്ഷി,
കണ്ണാലൊപ്പിക്കരളിൽ കോർത്തു കൊരുത്തു നടന്നേൻ

നെഞ്ചിൽ നെഞ്ചാൽ ചേർന്നൊരു
ഗാഢ സ്പർശ നിമേഷം
വിളറും കവിളിന് മിന്നൽത്തീയാൽ ചുംബനമവളെ ചേർത്തു പിടിക്കും
സാന്ത്വന വർഷം
എത്ര ഋതുക്കൾ കഴിഞ്ഞും മായാ മായക്കാലം.

ഇനി മധുശാലയിൽ, നേരേ കാണും ബാർ സ്റ്റൂളൊന്നിലിരുന്ന ചെറുപ്പക്കാരൻ
വോഡ്കയിൽ മുങ്ങിപ്പൊങ്ങി,
ക്കരളിൽ കോറിക്കീറി വരഞ്ഞൊരു ജീവൽ ച്ചിത്രം മായ്ക്കാൻ പാടുപെടുന്നു.

(കഥ തുടരുമ്പോൾ) ഇരുണ്ട പച്ചക്കാട്, കാട്ടിൻ വീഥികൾ, നീതികൾ
കത്തും രണ്ടു കനൽക്കണ്ടങ്ങൾ
പേടിപ്പിക്കും ജന്തു ശരീരം,
കെണിയിലകപ്പെട്ടെന്നാലപ്പൊഴു
മെരിഞ്ഞു പുകഞ്ഞും ചോരക്കണ്ണുകൾ..

ഇങ്ങനെയാർത്തിയുമോർമ്മയുമറിവില്ലായ്മയുമൊത്തു പകർത്തിയ പല ചിത്രങ്ങൾ
ചിലവയെടുത്തും, ചിലവ കളഞ്ഞും ചിലവയെന്തിന്നെന്നോർത്തു കരഞ്ഞും

അൻപതു വർഷപ്പടുത്തീയിൽ തീണ്ടാപ്പാടുകൾ നോക്കിയിരിക്കേ
അവനവനെത്താൻ താണ്ടി നടന്നിടും
അറിയൽ, ചാലുകൾ കാൺകേ-
യറിഞ്ഞേനോരോ ചിത്രവുമോരോ യുദ്ധവും, ഓരോ ദൂരവുമെത്ര ചിതം..

■





രഗില സജി


# മീൻമുള്ള് ഒരവശിഷ്ടമേയല്ല

**മീ**ൻ മുള്ള്
ഒരു വീണയാണ്
സ്നേഹത്തോടെ മീട്ടിയാൽ
കേൾക്കാം
ജലജീവികളുടെ മുഴുവൻ സംഗീതം
ജലസസ്യങ്ങളുടെ ഇണക്കം.
തുഴയില്ലാതൊറ്റയായ
തോണിപ്പാട്ടുകൾ.
ചാകരക്കോളാർപ്പ് വിളികൾ,
മഴ മിന്നലൊച്ചകൾ,
കടലറ്റം തിരയുന്ന
കപ്പൽ ഞരക്കങ്ങൾ...

മീൻമുള്ള് ഒരവശിഷ്ടമേയല്ല
ജീവന്റെ സകല മൗനങ്ങളും
സംഗീതമാക്കുന്ന
ഒരു വാദ്യോപകരണമാണ്

■





രതിക തിലക്

# നീയറിയാത്ത ചില കാര്യങ്ങൾ..

ഗന്ധമറിയാത്ത നിന്റെ
ചുണ്ടുകളിൽ ഞാൻ
കാട്ടാറൊഴുക്കുന്നു,
നമ്മിലപ്പോൾ കണ്ണീരാൽ
നനച്ചു നാട്ടിയ ഉമ്മകൾ
തിണർക്കുന്നു

ഞാൻ തെളിക്കുന്ന
വഴിയിലൂടൊരിക്കലും
സ്നേഹമേ നീ
നടക്കാതിരിക്കുന്നു

# ഞാനിവിടെയുണ്ട്

ഞാനിവിടെയുണ്ട്
വഴുവഴുത്ത വഴിക്കിപ്പുറം
പുഴയിൽ നിന്നേതോ
മഴയെ
ഉരിഞ്ഞെടുത്തു കൊണ്ട്,
ആനന്ദത്തിന്റെ
തുരങ്കത്തിൽ
എന്റെയും നിന്റെയും
ഉടലുകളെ
പിരിച്ചെടുത്തു കൊണ്ട്..

■



# തുടക്കം



ആര്യ രാജ്

ഇരട്ടവരയിട്ടതാളിലാണ് എഴുതിത്തുടങ്ങിയത്..
കടലലകളെക്കുറിച്ചോ  മഴച്ചാറലുകളെക്കുറിച്ചോ
ഏകാന്തതയോട് ചേർന്നിരുന്ന്
സംസാരിക്കണമെന്നുതോന്നി

കടൽ... തിര... കാറ്റ്... വെയിൽ...
മരത്തണലിലേയോ
മരുഭൂമിയിലെയോ ഒറ്റയടിപ്പാത
നൂറ്റാണ്ടുകളിലുറങ്ങുന്ന ഭയം
ഓർമ്മകൾ ചിതറിവീണത്
അവിടെവെച്ചാണ്

ഉണരുമ്പോൾ...
ഉണരുമ്പോൾ...
ഉടലാകെ...

■



നിഷ നാരായണൻ

# രൂപാന്തരണം

അന്നൊരു മുഷിഞ്ഞ ദിവസം.
വേലിക്കകത്തെ ആ മുറിപ്പത്തലിനുപോലും
വിഷാദം.
അകത്തിടുന്ന ചെരുപ്പിന്റെ
നീലവാറ് വല്ലാതെ ലൂസായെന്നു തോന്നി
കാലുകൾ കുടഞ്ഞതിനെ ദൂരെയെറിഞ്ഞു.
ദേഷ്യം വന്നു..
ഉച്ചയായപ്പോഴേയ്ക്കും പ്രാന്തുപിടിച്ച്
കുറേ വെള്ളം തലവഴി കോരിയൊഴിച്ചു.
കൂർത്ത ഉച്ച!
അപ്പോഴാണ് ആ ചിറകടിയൊച്ച..
ഹേപ്പ്ഹെപ്പ് ഹെപ്പ്..
പാറത്തുമ്പിൽ ഇരിയ്ക്കെ,
കണ്ണുകൾ ചുഴറ്റിയൊരു
പുല്ലുശരം എറിഞ്ഞ്,അവൻ
ത്രേതായുഗത്തിലേയ്ക്കൊന്നു
തലതിരിച്ചുനോക്കി.
ചാരനിറമുള്ള കഴുത്തിൽ
ക്രോധത്തിന്റെ വെള്ളിശലാക.
ഏതോ രസംകേറിപ്പിള്ളേർ
തൂക്കിയതാവും.
രണ്ട് കാരിബിസ്കറ്റ് എറിഞ്ഞുകൊടുത്തു.
തലവെട്ടിച്ചും തെറ്റിച്ചും മുന്നോട്ടും പിന്നോട്ടും
തുള്ളിയും ചാടിയും നീണ്ട ഒരു 'കാ കാ'
സംഘബോധത്തിന്റെ തീക്ഷ്ണത!
ഒരു പടം ക്ളിക്കി. *ലൗദറിനെ ഓർത്തുപോയി.
വരാന്തയിൽ നിന്നിറങ്ങി,
ചുണ്ട് കൂർപ്പിച്ചുപിടിച്ചു
പാറത്തുമ്പേൽ കൂനി ഇരുന്നു.
കൊള്ളാം ഒക്കുന്നുണ്ട്!
തല ചരിച്ചുപിടിച്ചു
തലവെട്ടിച്ചും തെറ്റിച്ചുംനോക്കി
മുന്നോട്ടും പിന്നോട്ടുംതുള്ളി, ചാടി
നീട്ടിവിളിച്ചു 'കാ..... കാ'
ഹേപ്പ് ഹെപ്പ് ഹെപ്പ്പ്...
ദൂരെ ആ ചിറകടിയൊച്ച അകന്നു.
മുഷിഞ്ഞൊരു ദിവസത്തിന് സലാം.
കണ്ടതിൽ സന്തോഷം കാക്കേ!



*കാക്കപ്പക മൂലം ഗതികെട്ട പക്ഷിഫോട്ടോഗ്രാഫർ

■



അമ്മു ദീപ

# ഒരാൾ

വളച്ചു കെട്ടിയ ചെമ്പരത്തിക്കമാനം കടന്ന്
വെയിലിൽ വിയർത്ത്
ചെരിപ്പിടാതെ
ഒരാൾ വരും

വെന്ത കാലടികൾ
കുളത്തിലെന്നപോൽ
തളത്തിലെ തണുപ്പിൽ നനച്ച് ആട്ടിയാട്ടി
ചാരടിത്തിണ്ണയിൽ അയാളിരിക്കും

നീലം മുക്കിയ മുണ്ടിന്റെ കോന്തല
ബ്ലൗസിനുള്ളിൽ തിരുകി
മൊന്തയിൽ കരിങ്ങാലിയുമായ് അമ്മമ്മ വരും

അമ്മമ്മയ്ക്ക് എന്തിഷ്ടമാണയാളെ !
ഞാൻ അത്ഭുതപ്പെടും

അത്രേം പാലൊഴിച്ച ചായ അയാൾക്കേ കൊടുത്തിട്ടുള്ളൂ..

എരിവുള്ള ആട്ടിറച്ചിക്കറിയിൽ
പപ്പടം ചേർത്തു പൊടിച്ചയാൾ ഉരുട്ടിക്കഴിക്കുമ്പോൾ അമ്മമ്മയുടെ മുഖം തെളിയും

അയാൾ ആരെന്നോ
എന്തെന്നോ ഓർത്തതില്ല ഞാൻ

ഇടയ്ക്കെല്ലാം അമ്മമ്മ
മൂക്ക് പിഴിയുകയും കണ്ണു തുടയ്ക്കുകയും ചെയ്യും

ക്രമേണ അവർ രണ്ടുപേരും
എന്നെ മറന്നു തുടങ്ങും

ചൂടാറിത്തുടങ്ങിയ സൂര്യനെ തലയിലേറ്റി
ഉറുമ്പുകൾ വരിവരിയായി പോണത് കാണാൻ പടിഞ്ഞാറേ മുറ്റത്തേയ്ക്ക് ഞാനോടും

എപ്പോഴാണയാൾ പോകുക
എന്നു ഞാൻ അറിയുകയില്ല



അമ്മമ്മ മരിച്ചപ്പോൾ
ചെമ്പരത്തിക്കമാനം കടന്ന്
അയാൾ വരുന്നതും കാത്ത്
പുറത്തേക്കു നോക്കി
കാൽച്ചുവട്ടിൽ ഞാൻ ഇരുന്നു

അയാൾ വന്നില്ല

ശ്രാദ്ധത്തിന്റന്ന് അമ്മമ്മയുടെ തലയിണക്കടിയിൽ നിന്നുകിട്ടിയ
പിഞ്ഞിയ ഒരാൽബത്തിൽ

അമ്മമ്മയ്ക്കു മുമ്പേ മരിച്ചുപോയ ഒരാളായി
നൊടിയിടയിൽ
ഒന്നുകണ്ടു

എന്നോട് ചിരിച്ചു



സുനി പി. വി.

# കാലൻകുട

വിരസമായൊരു വൈകുന്നേരം
അപ്പൻ കാലൻ കുടയും
പിടിച്ച് നടക്കാനിറങ്ങുന്നു
അതിൻ
മുന്നൊരുക്കമെന്നോണം
ഇളം നീല ഷർട്ട് നാലുവട്ടം
കുടയുമ്പോൾ
അപ്പന് മാത്രം കാണാനാവുന്ന
അട്ടത്തെ പൊടിയും മണ്ണും
തെറിക്കുന്നതും
അതു കണ്ടപ്പൻ
പിറുപിറുക്കുന്നതും
ആദ്യം കാണുന്നവർക്ക് കൗതുകവും
ദിനചര്യയെന്ന് അമ്മയും
നോക്കി നിൽക്കും

റൈഫിളേന്തി മാർച്ച് പാസ്റ്റ് ചെയ്യുന്ന സൈനികന്റെയത്രയും ജാഗരൂകനാവും
കുടയും അപ്പനും ഒരപ്പനുണ്ടായതാണോയെന്ന്
അമ്മ ചോദിച്ചു തുടങ്ങി
നാട്ടുകാരത് പരസ്പരം നോക്കി
ചിരിച്ചും തുടങ്ങി

ഇന്നത്തെ കാര്യമല്ല കെട്ടോ
കഥയ്ക്കപ്പനോളം പഴക്കമുണ്ട്
ചെരിച്ചു വെച്ചാ അപ്പനും കുടയ്ക്കും
ചിതലരിക്കുമെന്നത് സത്യം
പക്ഷേ അക്കഥ പറഞ്ഞു തുടങ്ങും മുമ്പേ
അപ്പൻ ചിരിച്ചു നമ്മളെയാ
ഇറയത്തു തൂക്കിയിടും.

മാൻമാർക്ക് കുടയെന്നോ മറ്റോ
മാഞ്ഞു തുടങ്ങിയൊരു
മാർക്കുണ്ടതിൽ

അപ്പൻ സിംഹവും
അമ്മ പേടമാനുമായി കെട്ടിക്കൂടിയ കാലത്തെ
പെരുമയാണെന്ന് ഇടക്കിടെ
കുടയെ തൊട്ടും തലോടിയും
പറയുന്നത് കേൾക്കാം

നടക്കാനിറങ്ങി അൽപം മുന്നോട്ടു
നീങ്ങുമ്പോളത്
ഊന്നുവടിയാകും
പട്ടിയെ പേടിയുള്ള അപ്പൻ
എതിരേയൊരണ്ണം വരുന്നത് കണ്ടാ
ചേകവനാകുന്നതും
മഴക്കാറിന്റെ ലാഞ്ഛന കണ്ടാ
ചിരിച്ചു നിവരുന്നതും
ഉച്ചച്ചൂടിൽ പതുങ്ങുന്നതും
നരച്ചു തുടങ്ങിയ കാലൻ കുടയുടെ
കാലിൽ തൂങ്ങിയാണ്

ഓരോ മഴക്കു ശേഷവും
വേനൽ പോലെ ഉണക്കി വെച്ചും
എടിയേ നിന്റെയാ എണ്ണ സൂത്രം
(അമ്മ എണ്ണയും വെളിച്ചണ്ണയും
ചേർത്ത് ഉണ്ടാക്കുന്നതാണ്)
ഇങ്ങെടുത്തേ ഇവന്റെ
ദേഹമൊന്ന് എണ്ണയിടട്ടെ
ഇല്ലേൽ തുരുമ്പെടുത്ത് എന്നെപ്പോലാവുമെന്ന്
വാത്സല്യത്തോടെ പറയും
നിങ്ങക്കിതെന്തിന്റെ കേടാ
പുതിയതൊന്ന് വാങ്ങാതെയെന്ന്
അടുക്കളയിൽ നിന്ന്
അമ്മ കെറുവിക്കും
നിനക്കെന്നെ മടുത്തു തുടങ്ങിയെന്ന്
അറിയാമെടീയെന്ന് അപ്പൻ
കൊമ്പു കോർക്കും






അപ്പനാ കാലന്റെ
കൈയിലും കാലിലും
മൂളിപ്പാട്ടും പാടി
എണ്ണയിട്ടു മിനുക്കും
അമ്മ പിറുപിറുക്കും
എന്തേലും പറയാനുണ്ടേ ഉറക്കെപ്പറഞ്ഞോണം
നാവിൽ തുമ്പിലിട്ടുരുട്ടാതെന്ന്
അപ്പൻ മുറുമുറുക്കും
എത്ര മഴയും വെയിലും
നനഞ്ഞതായെന്ന്
നെഞ്ചു തടവും

നമ്മള് രണ്ടും നരച്ചൂല്ലോ
ഇനി വിറക് വെക്കാമെന്ന്
അടുക്കളേ നോക്കി
ഉച്ചത്തിപ്പറയുന്നത് കേൾക്കാം
മറുപടിക്ക് കാത്തുനിൽക്കും
കിട്ടീല്ലെങ്കി,
നീയവിടെയിരിക്കെന്ന് കുടെയെ
മൂലക്കൽ ചാരി വെച്ച്
പൂച്ച നടത്തം
അസാമാന്യ ഭംഗിയോടെ
പാസ്സാക്കും
അപ്പനറിയാം
ആ കുടക്കീഴിൽ നിവർന്നു നിന്ന
കാലത്തിന്നപ്പുറം പോകാൻ
അപ്പനാവില്ലെന്ന്,
അമ്മയ്ക്കതറിയാമെന്ന്..

എന്നാലും, കാലൻകുട പാപ്പനെന്ന
വിളിപ്പേരു കേൾക്കുമ്പഴാ .........
അപ്പനും കുടയും ഒരു പോലെ നരയ്ക്കുന്നത് ...!



## വാസ്തവം



ഡോ.ജാൻസി ജോസ്

# കുടുംബത്തിലെ സദാചാരം

പരസ്പര വിശ്വാസമാണ് കുടുംബത്തിന്റെ കെട്ടുറപ്പ് എന്ന് കാലങ്ങളായി നമ്മൾ പറഞ്ഞു വരുന്നതാണ്. കെട്ടുറപ്പ് സൂക്ഷിക്കാൻ എങ്ങനെ വിശ്വസിക്കാനും നമ്മൾ തയ്യാറാണ് താനും.എന്താണ് പരസ്പര വിശ്വാസമെന്ന ചിന്തിക്കുകയും ചികയുകയും ചെയ്യുമ്പോഴാണ് കുടുംബം എന്ന ചട്ടക്കൂട് അസമത്വവും അനീതിയും കുത്തിനിറച്ച ബലൂൺ ആണെന്ന് നമുക്ക് മനസ്സിലാവുന്നത്. പാതിവ്രത്യം, സത്യസന്ധത, വിശ്വാസം തുടങ്ങിയ സർവ്വ ഗുണങ്ങളും സംരക്ഷിക്കുകയും പാലിച്ചു പോരികയും ചെയ്യുന്ന ജോലി സത്രീകളുടേതു മാത്രമാണ് എന്നതാണ് കണ്ടെത്താൻ കഴിയുന്ന വസ്തുത.

ഒരു കുടുംബത്തിൽ ഭർത്താവ് എവിടെ പോയി വന്നാലും ആരോടൊക്കെ ചങ്ങാത്തം കൂടിയാലും ആരുടെ കൂടെ കിടപ്പറ പങ്കിട്ടാലും വരുമ്പോൾ ഭാര്യ ഭർത്താവിനെ ചോദ്യം ചെയ്യാതിരുന്നാൽ കുടുംബം തകരാതിരിക്കും. ഭർത്താവ് വഴി തെറ്റിപ്പോയാൽ അത് ഭാര്യയുടെ കുഴപ്പം കൊണ്ട് എന്നാണല്ലോ നമ്മുടെയൊക്കെ വിശ്വാസം!! ഭാര്യ വഴി തെറ്റിപ്പോയാൽ അതു ഭർത്താവിന്റെ കുഴപ്പമാണെന്നും നമ്മൾ വിശ്വസിക്കുന്നുണ്ട്. പക്ഷേ, ഭർത്താവു വഴി തെറ്റുന്നത് ഭാര്യ ആവശ്യത്തിന് സെക്സ് കൊടുക്കാത്തതു കൊണ്ടും ഭാര്യ വഴി തെറ്റുന്നത് ഭർത്താവ് കൈക്കരുത്ത് കാണിക്കാത്തതു കൊണ്ടുമാണെന്നും നമ്മൾ വിശ്വസിക്കുന്നു. എനിക്കിവിടെ പറയാനുള്ളത് സെക്സ് ശരീരത്തിന്റെ ആവശ്യമാണ്. അതു തേടി പുറത്തു പോകുന്നത് ആരുടേയും പ്രത്യേക അവകാശമല്ല എന്നു തന്നെയാണ്. ആവശ്യമുള്ളവർ ആവശ്യമുള്ളവരിൽ നിന്നു മാത്രം സ്വീകരിച്ചാൽ തീരാവുന്ന പ്രശ്നങ്ങളേ പലയിടത്തും ഉണ്ടാകുന്നുള്ളൂ.

രണ്ടു ഭാര്യമാരുള്ള ഒരു വിരുതൻ ഒരു ഭാര്യ മറ്റൊരാളുമായി അടുത്ത ബന്ധം പുലർത്തുന്നതു കണ്ട് ഒഴിവാക്കിപ്പോയ കഥ ഓർമ്മയിൽ വരുന്നു. സ്ത്രീ ശരീരവും ലൈംഗികതയും ആരുടെയെങ്കിലും അവകാശമാണ് എന്നല്ലേ അതിനർത്ഥം? അവി
വാഹിതയായ ഒരു സ്ത്രീയായാലും ഭർത്താവില്ലാത്ത സ്ത്രീയായാലും, ഭർത്താവ് വിദേശത്തോ മറ്റോ ആയാലും പെണ്ണിന്റെ സെക്സിനു വേണ്ടി പുറകെ നടക്കുന്നത് കാണാം. ഇന്നത് സോഷ്യൽ മീഡിയയിലൂടെയാണു അധികവും നടക്കുന്നത്. കൂടത്തായിയിലെ ജോളി സയനൈഡ് ജോളി ആയതിനു ശേഷം ഒരാൾ എന്നോടു പറഞ്ഞു. പുറത്തു പോവുന്നവരെയും ബന്ധം സ്ഥാപിക്കുന്നവരേയും സൂക്ഷിക്കണം എന്ന്. മിക്കവാറും ആ നാട്ടിലുള്ള സ്ത്രീകളൊക്കെ നൂറ്റാണ്ടു മുമ്പുള്ള ജീവിതത്തിലേക്ക് തിരിച്ചു പോകാനാണ് സാധ്യത. പുറത്തൊരാളോട് മിണ്ടിയാൽ അത് അവിഹിതമാണെന്ന് വിശ്വസിക്കുന്ന ഭർത്താക്കന്മാരാണ് ഇന്ന് അധികവും. എന്നാൽ ഒരു കാര്യം മനസിലാക്കേണ്ടത്, സത്രീകളെ കേൾക്കാൻ, കൂടെ നടക്കാൻ, വികാരങ്ങളും വിചാരങ്ങളും പങ്കിടാൻ, അംഗീകാരം കൊടുക്കാൻ ആരുമില്ലാതാവുന്ന അവസ്ഥയിൽ സ്ത്രീകൾ പുറത്തു പോവുക തന്നെ ചെയ്യും. ഒരു സയനൈഡ് ജോളിയെക്കാട്ടി വിരട്ടി വീട്ടിലിരുത്താം എന്ന് ആരും കരുതേണ്ടതില്ല.






സന്ധ്യ ഇ.

# അവിശ്രമം

ഹരിയുടെ അമ്മയ്ക്ക്
തൊണ്ണൂറേയുള്ളൂ വയസ്സ്
ഒരു വലിയ ചക്ക ഒറ്റയ്ക്ക് വെട്ടിപ്പറിച്ച്
കൂണും ചകിണിയും
കളഞ്ഞു വേവിച്ച്
ശർക്കരയും ചുക്കും ചേർത്തു
വരട്ടി പാത്രങ്ങളിലാക്കി
എല്ലാവർക്കും പങ്കു വച്ചിട്ടും
ബാക്കി നേരമുണ്ടത്രേ.
ഉച്ചയ്ക്ക് കിടക്കുന്നില്ല, വേനൽ തീരും മുമ്പ്
താമരവളയം കൊണ്ട് കൊണ്ടാട്ടമുണ്ടാക്കണമത്രേ

കണ്ണു ശരിക്കു കാണായ്കയാൽ
ഒരു മണിക്കൂറെടുത്തു സൂചി കോർത്തെങ്കിലും
കഴിഞ്ഞയാഴ്ച തുന്നിയ കുഷ്യന്
തൊങ്ങലു വയ്ക്കാതെ ഉറക്കം വരില്ലല്ലോ
അമ്മിണി മുത്തശ്ശിയ്ക്ക്.
തൊണ്ണൂറ്റി മൂന്നെന്ന് പറഞ്ഞവരെ
കൊഞ്ഞനം കാണിക്കും മുത്തശ്ശി

പത്തുമാങ്ങ കല്ല്യാണിയ്ക്ക്
അഞ്ചെണ്ണം മുഹമ്മദിന്,
ആറെണ്ണം ഏല്യയ്ക്ക്, മൂന്നു വീതം
ലതയ്ക്കും ഗീതയ്ക്കും

നാളികേരത്തിന്റെ കണക്കെഴുതണം
പാൽക്കാരനു കാശു കൊടുക്കണം
ഇതിനൊക്കെയിടയ്ക്ക് പ്രമേഹത്തിന്റെ
കുത്തിവെപ്പിനെവിടെ നേരമെന്ന്
ദേഷ്യപ്പെടുന്നു തൊണ്ണൂറ്റഞ്ചു തികയുന്ന
ലക്ഷ്മിയമ്മൂമ്മ !

ഈശ്വരാ എത്ര ചെറുപ്പക്കാരെയാണ്
നീയങ്ങോട്ട് വിളിയ്ക്കുന്നതെന്ന്
എൺപത്തിയെട്ടുകാരന്റെ മരണവാർത്ത
വായിച്ച് തൊണ്ണൂറ്റിയാറുകാരി നാണ്യമ്മായി
അമ്പത്തിയാറിൽ പെൻഷൻപറ്റിപ്പിരിഞ്ഞു
ഇനി തുടങ്ങാം വിശ്രമജീവിതമെന്ന്
ആശ്വസിച്ചപ്പോഴാണ് ഉച്ചയുറക്കങ്ങളിലേക്ക്
അലസ സായാഹ്നങ്ങളിലേക്ക്
ചടഞ്ഞിരിക്കലുകളിലേക്ക്
ഒരുണ്ട നൂൽ, ഒരു സൂചി
ചക്കമുളഞ്ഞ്, മാങ്ങാച്ചൊണ,
പനമ്പിലിട്ട കൊപ്ര, വിറകടുപ്പ്
അതിന്മേൽ വച്ച ചെമ്പിലെ നെല്ല്
ഒറ്റയ്ക്കും കൂട്ടായും ചൊടിയോടെ
വന്നു കേറി തോണ്ടി വിളിക്കുന്നത്...
സ്വൈര്യക്കേടായി .


■

# കിഴവിയും കടലും




അനു പാപ്പച്ചൻ

**മോ**ളേ,
സങ്കടകരിങ്കടലാണടീ.
ആർത്തലയ്ക്കുന്ന
ദണ്ണം
തിക്കു മുട്ടി
നുരച്ച് പതഞ്ഞ്
കര കാണാതെ
കണ്ണീര് കക്കി.
പട്ടിണി
ചുട്ടുപൊള്ളണ
പകലിന്റെ നീളം താങ്ങാതെ
മുതുകുന്തി
ദേഹം വെന്തുപോവാടീ മോളേ.
പ്ലാവിലയിലൊട്ടിപ്പിടിച്ച
വറ്റു വലിച്ച്
തിരയുടെ പള്ളയിലേക്ക്
ഊക്കോടെ ഉന്തി
നെഞ്ചു കൂരച്ച
കിഴവന്റെ തോണി
പൂതലിച്ച് പോയടീ.
ഇരുണ്ട ഇക്കരയ്ക്കപ്പുറം
പൊന്തിതിളങ്ങുന്ന
വൻകര കാണാൻ
പൂതി മൂത്ത
എന്റെ പെണ്ണ്
ഒടുക്കം
നെഞ്ചിൻ കൂടിനകത്തെ
കടലിൽ മുങ്ങിച്ചത്ത്
പുറത്തെ കടലിൽ
പ്രേതമായി
കാലം കഴിക്കയാണ് മോളേ.
കൊഞ്ചിച്ച്
ഒക്കത്തേറ്റി ചുമന്ന ചെക്കന്റെ
ഓർമ്മ കൂട്ടിക്കെട്ടിയ
നങ്കൂരക്കല്ല്
അടിത്തട്ടിലേക്കു
താണു താണു
പൂപ്പലു കേറി
വഴുവഴുത്തടീ മോളെ.
കൂരിരുട്ടിന്റെ
വിഷം കഴിച്ച്
കരിനീലച്ച്
കിടക്കുമ്പോൾ
കോർത്ത കൈയഴിച്ച്
മുമ്പേ പോയ
നിന്റെ അമ്മയുടെ ചിരി
ഇടയ്ക്കൊരു
ശീതക്കാറ്റായി വരും.
അപ്പോൾ
ഒരു കൊച്ചുതിരയിളക്കം
മോളെ.



■



# മാഡ് വുമൺ ഇൻ അറ്റിക്

**വീ**ട്ടിലൊരു ഭ്രാന്തിയെ ഒളിക്കൽ
അത്രയൊന്നും എളുപ്പമല്ലന്നേ
ഇടക്കിടെ വന്നു പോവുന്നോ-
രുച്ചപ്രാന്തല്ല,
ഒടുക്കവും തുടക്കവുമില്ലാ,
നിലയോ നിലയില്ലായ്മയോ അറിയാതുഴലുന്ന,
എല്ലാർക്കും വേണ്ടി ചിരിക്കുകയും
എല്ലാർക്കും വേണ്ടി കരയുകയും
ചെയ്യുന്ന,

അങ്ങിനെയൊക്കെയാണെന്നേ

വീട്ടിലെ ഭ്രാന്തിയെ വീട്ടിൽ തന്നെ ഒതുക്കണമെന്നാണ്
ഇടക്ക് പൊട്ടുന്ന ഒച്ചകളെ
ജനൽ കടക്കാതെ പിടിച്ചു വെക്കണം
ഉയർന്ന പൊട്ടിച്ചിരികളെ,



സാഹിറ അഷ്റഫ്

വാതിൽ കടക്കാതെ വിലങ്ങിൽ വെക്കണം
ഒന്നൊന്നുറക്കെയാർത്താൽ,
അതിന്റെ ചില്ല്, മതില് കടക്കാതെ നോക്കണം
വീട്ടിലെ കാര്യങ്ങളാണ്

ഇടക്കേതേലും വിരുന്നുകാർ വന്നേക്കും
അപ്പോഴാണ്
അവരെ കാണാതെ, ഒളിപ്പിക്കൽ പാടാവുന്നത്

വാതിൽ മറവിൽ
ഒന്ന് മുടി പിടിച്ചു വലിച്ചും
ചുമരിൽ കയ്യൊന്ന് ഉറക്കെ അടിച്ചും
ഇടക്ക് അത് സ്വയമറിയിക്കുന്ന
ഒരം കേൾക്കാം
ഒന്നൊഴിഞ്ഞ് ആലസ്യത്തിലേക്ക് പുതയാൻ അത് കാണിക്കുന്ന ഔത്സുക്യം കാണാം

ഇതൊക്കെ കണ്ടിട്ടും ഞാൻ കാണാമട്ട് കാണിക്കുന്നതാ
പഴയപോലല്ല
ഒരു ഭ്രാന്തിയെ പോറ്റൽ ഒക്കെ ചെലവുള്ളതാണ്
പണ്ടാരുന്നേൽ
ഒരു ചങ്ങല, ഒരിരുട്ടുമുറി
എപ്പഴേലും പാത്രത്തിലേക്കോ നിലത്തേക്കോ എറിഞ്ഞുകൊടുക്കുന്ന
ഒരു വിളി..

അരവയർ തികക്കാൻ എത്ര നിറയണം ആർപ്പുകൾക്ക്

ഭ്രാന്തിയെ പേടിയാകുന്ന കാലം തിരിച്ച് വരുമോ എന്നാണ് ഓരോരുത്തരും ഉള്ളിൽ ചോദിക്കുന്നതെന്ന് തോന്നുന്നു
എനിക്കീ ഭ്രാന്തികളെ ഒരു പേടിയുമില്ല
എന്ന് വെച്ച് അവൾ ഒരുമാതിരി ചിരി ചിരിക്കുമ്പോ ഞാൻ പോയി കെട്ടിപ്പിടിച്ചെന്നൊന്നും വരില്ല
പേടിയൊന്നുമില്ല അത്ര തന്നെ

ഒരിക്കലും ആരും വിരുന്നുവരാത്ത വീട്ടിൽ
ഇരുട്ടുകൊണ്ടവൾക്ക് ഒരു മുറി പണിതുകൊടുക്കും,
അത്ര തന്നെ

■



സ്വാതി ലക്ഷ്മി വിക്രം

അന്ന് മുതലാണ്
ഖസാക്കിലെ രവിക്ക്
ഫേസ്ബുക്ക് ഉണ്ടെന്ന്
ഞാൻ മനസ്സിലാക്കുന്നത്...
അയാളൊരു വിർച്ചൽ
അസ്ഥിത്വവാദിയാണോന്ന്
ഞാൻ തിരിക്കിയിരുന്നു ...
പോസ്റ്റുകളിലാവട്ടെ
അനാദിയായ ദു:ഖം
തളം കെട്ടി കിടക്കുന്നുണ്ടായിരുന്നു ..

പത്മയാകട്ടെ അയാളുടെ
ലാസ്റ്റ് സീനും
നോക്കി നടക്കുകയായിരുന്നു ..
രവിയെ കാണാൻ
ട്രെയിൻ കേറിയ
അന്നാണ് ഞാനവളെ
കാണുന്നത്..
അന്നാണവൾ രവിയുടെ
കഥ പറയുന്നത് ..
അന്ന് മുതലാണ്
ഖസാക്കിലെ രവിക്ക്
ഫേസ്ബുക്ക് ഉണ്ടെന്ന്
ഞാൻ മനസ്സിലാക്കുന്നത്....

ഇടയ്ക്കിടെ അയാൾ
കരിമ്പനകളുടെ ചിത്രങ്ങൾ
പോസ്റ്റ് ചെയ്തു കൊണ്ടിരുന്നു ..
കുഞ്ഞാമിന അയച്ച




റിക്വസ്റ്റ് മാത്രം
അയാൾ തൊടാതെ
സൂക്ഷിച്ചിരുന്നു ...
രാത്രിയിൽ മെസഞ്ചർ
വെളിച്ചത്തിൽ രവി
കേശിയുടെ വസ്ത്രത്തെപ്പറ്റി
ആകുലപ്പെട്ടിരുന്നിരിക്കാം ..
എന്നാൽ
ചാന്തുമ്മ മാത്രമാണ്
അയാൾക്കെതിരെ മീറ്റു
വുമായി രംഗത്തെത്തിയത് ..

ഇടയ്ക്കൊരിക്കൽ
അപ്പുക്കിളിയെപ്പറ്റിയും
രവി പോസ്റ്റ്
ചെയ്തിരുന്നു..
എനിക്കോർമ്മയുണ്ട്,
അതിന് ലൈക്കടിക്കുമ്പോൾ
തലയിൽ പേനരിച്ചു
നടക്കുന്നുണ്ടായിരുന്നു ..
അടുത്തൊരു എട്ട് കാലി
വല നെയ്യുകയായിരുന്നു ...

ചാറ്റ് സ്ക്രീനിനിപ്പുറം
രവിയുടെ വിഷാദത്തെ
പത്മ ഒരിക്കലും
മനസ്സിലാക്കിയിരുന്നില്ല ..

ഇമോജികൾക്കിടയിലിരുന്ന്
വീർപ്പ് മുട്ടിയപ്പോഴാണ്
അവൾ ഫോൺ
വലിച്ചെറിഞ്ഞ് ട്രയിൻ
കേറിയത് ..
അന്ന് മുതലാണ്
ഖസാക്കിലെ രവിക്ക്
ഫേസ്ബുക്ക് ഉണ്ടെന്ന്
ഞാൻ മനസ്സിലാക്കുന്നത്..

എന്നാൽ അയാൾക്കാകട്ടെ
അതാധാറുമായി
ബന്ധിപ്പിക്കനൊന്നും
സൗകര്യമുണ്ടായിരുന്നില്ല ..
നിസംഗതയോടെ
തനിയ്ക്ക് മാത്രമറിയാവുന്ന
നിസംഗതയോടെ
രവി നോക്കി നിന്നു ..
പക്ഷേ അള്ളാപ്പിച്ച
മൊല്ലാക്കയ്ക്ക്
ഭയമായിരുന്നു ..
നൈസാമാലിയെ പോലെ
അയാൾ ആധാറിനെയും
ഭയന്നു ..
മൊല്ലാക്കയെയോർത്ത്
സങ്കടപ്പെട്ടാണ്
രവി ആധാറിനെതിരെ
പോസ്റ്റിട്ടത് ..
അന്നാണ്
പാകിസ്ഥാനിലേക്കുള്ള
ബസ്സ് നോക്കി
കൂമൻകാവിൽ
രവി
കാത്തു കിടന്നത് ...

■



ആർ.സംഗീത

# കല്ലുകൾ

നനവാറ്റാൻ
ഇട്ടിട്ടുണ്ട്
നദിക്കരയിൽ.
ഒന്നിൽ പഴുതാര കണക്ക്
ചുരുണ്ടു വളഞ്ഞ
ചുണ്ടുകളുണങ്ങിയ പാട്

ഇനിയൊന്നിൽ
കൂർത്ത വിഷപ്പല്ലുകൾ
ആഴ്ന്നിറങ്ങിയ വടുക്കൾ
ആഞ്ഞു ചവിട്ടിയ
ചെരുപ്പടയാളങ്ങൾ

ഒച്ചകൾ ഒതുക്കിയ
മിണ്ടാതിരുപ്പുകൾ
ചീന്തിയെറിഞ്ഞ മൂർച്ചകൾ
ചാരിവച്ച പരിഹാസചിരികൾ
വട്ടത്തിലും നീളത്തിലും
വരഞ്ഞിട്ട പോറലുകൾ

ഇടയ്ക്ക് ചില കാറ്റുകൾ
മുടിയിഴകളിൽ
വിരലോടിച്ചു പോയി
ഒഴുക്കിൽ
മുലയും അരക്കെട്ടും
ദൃഢമായി
വെള്ളപ്പാച്ചിലിൽ
ശബ്ദമുയർത്താൻ പഠിച്ചു

എങ്കിലും
നൂറ്റാണ്ടുകളിലെ
മുറിവുകളുടെ ഈർപ്പങ്ങൾ
ചരിത്രതാളുകളിലെ
നനഞ്ഞ മൗനങ്ങൾ
ഉണക്കിയെടുക്കാൻ
ഈ വെയിലിന്റെ
തിളപ്പ് മതിയാവുമോ?



■





ദേവി പ്രിയ

# അച്ഛൂത് !

ഗ്രാമത്തിലെ കുഞ്ഞുങ്ങൾ
ആകെ ഭയപ്പാടിലാണ്.

മനുഷ്യവന്യതയെ
പകൽ വെളിച്ചത്തിൽ
ഗ്രാമത്തിനുള്ളിലവർ
കണ്ടിരിക്കുന്നു.

അവരുടെ ചെകിട് തുളക്കുന്ന
അലർച്ചയിൽ
കുഞ്ഞുങ്ങൾ നടുങ്ങുന്നു.
'ബാൽമീകി...
അച്ഛൂത്... '

വിസർജ്യം എടുക്കാനുള്ളവൻ
വിസർജിച്ചതിനാലാണ്

വടിയൊടിച്ചെടുത്ത
മരം പോലും
ഇലകൾ പൊഴിച്ച്
കുനിഞ്ഞു നിൽപ്പാണ്.

രണ്ടു പൂവിതളുകൾ
ചതഞ്ഞരഞ്ഞ
ചോന്ന പാടുകൾ
നിലത്തിപ്പോഴും വ്യക്തം.

ബാൽമീകി കുഞ്ഞുങ്ങൾ
ഇപ്പോൾ എന്നും
മലബന്ധം ഉണ്ടാവാനായി
പ്രാർത്ഥിക്കുകയാകാം..

■



ജ്യോതിലക്ഷ്മി

# നൃത്തം

വിഷാദം,
പരുക്കൻ തുണി കൊണ്ട്
ചാരനിറമുള്ള കുപ്പായം തുന്നുകയും
ഉന്മാദം,
വിരലുകളിലെ,
തുന്നൽസൂചിയുടെ മുറിവുകളിൽ
പൊടിയുന്ന ചോരയെ
ഉറിഞ്ചിക്കുടിക്കുകയും
ചെയ്തത്,
സന്ധ്യയിലോ പുലർച്ചയിലോ എന്ന്
തിട്ടമില്ലാത്തൊരുവളുടെ
ഹൃദയത്തിലേക്ക്,
കുമാർ സാനുവിന്റെ ശബ്ദത്തിൽ
'തൂ മേരി സിന്ദഗി ഹെ' ഒഴുകിയെത്തുന്നു.
ഹൃദയമിപ്പോൾ
അനേകമായുടഞ്ഞ ചില്ലുപാത്രം....




സ്ക്രീനിൽ, പ്രണയികളാവാം
രണ്ടുപേർ, നൃത്തം ചെയ്യുന്നു
നൃത്തമെന്ന് പറയാമോ?
അറിയില്ല
ഉയർന്ന കോണിയുടെ
എറ്റം മുകളിൽ നിന്ന്
അവനവളെ കൈകളിൽപിടിച്ച്
ആയത്തിലാട്ടി
ശൂന്യതയിലേക്കെറിയുന്നു.
അവൾ ഒരു ഭയവുമില്ലാതെ
വീണ്ടും അവനിലേയ്ക്ക്
തിരിച്ചെത്തുന്നു.
കണ്ണുകൾകെട്ടിയും,
കുത്തനെ മറിഞ്ഞും
വീഴുമെന്ന് ഭയപ്പെടുത്തിയും
അവരങ്ങനെ
കാണികളെ ത്രസിപ്പിച്ച്..

ഞാനവരെ മാത്രം കാണുന്നു...
ഭയമില്ലാത്ത അവരുടെ
കണ്ണുകളെ
പുഞ്ചിരിക്കുന്ന ചുണ്ടുകളെ
അപകടകരമായ ഓരോ കൈവിടലുകൾക്ക് ശേഷവും
അവർ പരസ്പരം
ചുംബനങ്ങൾ കൈമാറുന്നതും,
ചേർത്തു പിടിക്കുന്നതും,
എന്തിനാവാം...?.

എന്തോ;
എനിക്കൊരുവനെ കാണാൻ തോന്നുന്നു.
പതുപതുത്തൊരു കരടിക്കുട്ടിയെ...
പ്രണയം ഒരുവനെ ഒരേസമയം
ധീരനും, നിസ്സഹായനുമാക്കുമെന്ന്,
പ്രണയം ഒരുവനെ ഒരേസമയം
രാജാവും യാചകനുമാക്കുമെന്ന് ,
പ്രണയം ഒരേസമയം
പൂങ്കാവനവും മരുഭൂമിയുമാണെന്ന്,
പ്രളയവും വരൾച്ചയുമാണെന്ന്,
സ്വർഗ്ഗവും നരകവുമാണെന്ന്,
പ്രണയം മറ്റൊന്നുമല്ല
നിന്നോളം എന്നോളം വിശ്വാസമാണെന്ന്
സ്വയം പ്രണയമാണെന്ന്
പ്രണയത്താൽ ചുവന്ന മുഖത്തോടെ
പഠിപ്പിച്ചു തന്നവനെ...
വിഷാദത്തിന്റേയും ഉന്മാദത്തിന്റേയും കുപ്പായങ്ങൾ
മാറിമാറി ധരിക്കുന്നതിന്,
ശ്രദ്ധാപൂർവ്വം കാവലിരിക്കുന്നവനെ...

എനിക്കവനെ കാണാൻ തോന്നുന്നു.
അമർത്തി ചുംബിച്ച്
ചൂട് പകുത്ത്
പെണ്ണെന്ന്;
അവനെ നിറച്ച്,
ഉറങ്ങാൻ തോന്നുന്നു..!

സ്ക്രീനിലവരില്ല
മറ്റാരോ..
വേറേതോ പാട്ട്
വേറൊരു നൃത്തം
പക്ഷേ,
എനിക്കിപ്പോഴും..
അവനെ കാണാൻ തോന്നുന്നു



# ഗംഗ പറയുന്നു



സ്മിത മീനാക്ഷി

ഒരുന്മാദക്കുതിപ്പിനെ
ജടാമകുടത്തിൽ തടുത്തു
ഭൂമിയെ രക്ഷിച്ചുവെന്നു
ലോകം നിന്നെ വാഴ്ത്തുമ്പോൾ
പരമേശ്വരാ, പറഞ്ഞാലും,
പതനഭൂമിയുടെ കനമറിഞ്ഞൊതുങ്ങിയും
പതുങ്ങിയും വീഴാനറിയുന്നവളീ
വിൺഗംഗയെന്നു നീയറിഞ്ഞിരുന്നില്ലെന്നോ?
ഒറ്റക്കുതിപ്പിനിടയിൽ നിൻ ജട തടഞ്ഞാലും
തുള്ളിപോലും തങ്ങാതെ, മണ്ണിലേയ്ക്ക്
കുതിച്ചൊഴുകുവാനിവൾക്കാകുമെന്നും
നീയറിയാത്തതാണോ?

ഉമയുമൊത്തുള്ള നിന്റെയവസാനിക്കാത്ത
രസ സംവാദങ്ങളും
ചുടുകാടും പുലിത്തോലും രാനടത്തങ്ങളും
പ്രപഞ്ചത്തെയുണർത്തും കടുംതുടിയും
താണ്ഡവത്തിലൊടുങ്ങുന്നയുന്മാദവും
പ്രണയമെന്ന, ഒരൊറ്റ വാക്കിലേയ്ക്ക്
കൂടുമാറിയിരുന്നതിനാൽ
പരമേശ്വരാ,
നിന്നിലേയ്ക്കൊരു വിളിയ്ക്കായി
കാത്തിരുന്നവളാണു നിന്റെ
ലോലലോലമാം മുടിനാരുകളിൽ
സ്വയമമർന്നൊളിച്ചതെന്ന്
നീയറിഞ്ഞിരുന്നല്ലോ.

എങ്കിലുമിപ്പോൾ
ഗോതമ്പുപാടത്തേയ്ക്ക് നീരുമായിപ്പോകുമ്പോൾ,
പുല്ലിനും പൂങ്കൊടിയ്ക്കും മേലെ തുള്ളി തുള്ളിയായി
പൊഴിഞ്ഞു ദാഹമകറ്റുമ്പോൾ
പരമേശ്വരാ,
നീ തടുത്താലും ബാക്കിയാകുന്ന പെണ്ണത്തത്തെ
ഭൂമിയിലേക്കൊഴുക്കിയ നിന്നോടെനിക്കു നന്ദിയുണ്ട്,
നിന്നിലെനിക്കു തീർത്താൽ തീരാത്ത പ്രണയമുണ്ട്.

■




സുഭദ്ര സതീശൻ

# ജരൽക്കാരു

**ഞാ**ൻ ജരൽക്കാരു.
സർപരാജസഹോദരി.
കണ്ണിലും കരളിലുമിരുണ്ടെപ്പൂത്ത
വിഷവല്ലരിയേറ്റാകെക്കറുത്തുപോയവൾ.
മെയ്യാകെപ്പടരും ശൽക്കങ്ങളിൽ
വാകപ്പൂമണം തിരളുമ്പോൾ
അകം പുളയുന്നവൾ.
ഞാൻ ജരൽക്കാരു.
ഉള്ളിൽ നിറയും കാകോളരാഗം പകുത്തുനൽകുവാൻ
കൊതിപൂണ്ടിരുനാവുമിളക്കി
വിൺതാരകൾ മിനുങ്ങുന്ന രാവുകളിൽ
പൊൻവെയിലുതിരുന്ന പകലുകളിൽ
മൺതണുപ്പിലാകെയിഴഞ്ഞ്
നിന്നെമാത്രം വിരഞ്ഞുനടന്നവൾ.
ഞാൻ ജരൽക്കാരു.
ഹിമംപോലുറഞ്ഞ ചോരയിൽ
തീപോൽത്തുടുത്ത മോഹങ്ങളിൽ
കാറ്റായിരമ്പും സ്വപ്നങ്ങളിൽ
ഇരച്ചെത്തുന്ന കൊടുംപ്രണയത്തിലേക്ക്
ചുറ്റിവരിയുവാൻ
കൊത്തിപ്പുണരുവാൻ
പച്ചകളായ പച്ചകളിലൊക്കെയും
പൊട്ടിച്ചിരിക്കുമരുവിക്കരയിലും
പക്ഷികൾ ചെക്കേറാ മാമരക്കൊമ്പിലും
ഇല്ലിക്കൂടിനിളംചൂടിലും
നിന്നെമാത്രം വിരഞ്ഞുനടന്നവൾ
ഒടുവിലിതാ.. നീ ജരൽക്കാരു.
തപസ്സിൽ വിരിയുമഗ്നിപുഷ്പങ്ങളെനിക്കുസ്സമ്മാനിച്ചവൻ.
കനിവുകരകവിയും കണ്ണോരങ്ങളിലെന്നെക്കരുതിയവൻ.
ആഞ്ഞാഞ്ഞുകൊത്തിയപ്പോഴും
പത്തിവിരിച്ചാടുമെൻ ക്രുദ്ധമുഖം തഴുകി
പ്രണയാകാശത്തേക്കു ക്ഷണിച്ചവൻ
നീ ജരൽക്കാരു.
സന്ധിയില്ലാത്ത വീൺവാക്കുകളിൽ
മേധ മരിക്കും മഹാവഴികളിൽ
സങ്കടമൊലിക്കുമിരുൾക്കുടീരങ്ങളിൽ
എന്നിൽച്ചുരക്കും വിഷപ്രവാഹം
കൈക്കുമ്പിളിൽക്കോരിക്കുടിച്ചുകറുക്കാതെ
കൊത്തിയെടുത്തു വെളുക്കുന്നവൻ
നാം ജരൽക്കാരു.
ഒരേപേരിലൊരൊറ്റ പ്രണയത്തിൽ
ചുറ്റിപ്പിണഞ്ഞൊന്നായവർ.





ഗാർഗി ഹരിതകം

# കൂട്ട്

നിനക്കുള്ള പ്രേമകവിതയിൽ
പ്രേമമെന്ന വാക്ക്
ഞാനെഴുതുകയേയില്ല
അതിനെപ്പേടിച്ച് പല വഴിക്കുപോയവരിൽ
മറ്റൊരു തിരിവിൽവെച്ച്
കണ്ടുമുട്ടിയവരല്ലേ

നിന്നെയത്
ഒറ്റയാനായി വന്ന്
വിരട്ടിയ കഥയാണ്
നീ പറഞ്ഞത്
ഓടിയോടി നീ തളർന്നിരുന്നു
എന്നെയത്
വഴുവഴുത്ത തൊലിയുള്ള
ഉരഗമായി ചുറ്റി വലിയുകയായിരുന്നു
മുറുക്കുകയായിരുന്നു

തളർന്ന നമ്മൾക്ക്
കട്ടൻചായയും അരിമുറുക്കും
ഇഷ്ടമായിരുന്നു
കഥകൾ കേൾക്കാനും പറയാനും
ചിലന്തി വലകൾ കെട്ടിയുറപ്പിച്ച
ജനലുകളിലൂടെ
ഒരു ശ്വാസം രാത്രിയാകാശത്തെ
വിഴുങ്ങുവാനും.

പിന്നെ
പ്രേമം
നിലാവായും കവിതയായും വന്ന്
ഭയപ്പെടുത്തുന്ന ഓർമ്മയായ്
ദുസ്വപ്നങ്ങളായ് വന്ന്
നമ്മൾക്കിടയിൽ ചുവരുകളുണ്ടാക്കി

എന്റെ മുറിയിലെ ഞാനും
നിന്റെ മുറിയിലെ നീയും
ഒരുമിച്ചു ചായകുടിക്കാൻ
പോകുന്ന കൂട്ടുകാരായി.






സറീന

# പൂക്കളുടെയും പെൺകുട്ടികളുടെയും ഭൂമി ..

**ക**രിഞ്ഞുണങ്ങിയ
പൂക്കളുടെ ഉള്ളിൽ നിന്ന്
ശേഖരിച്ചു വെച്ച വിത്തുകൾ
വാക്കുകളെയും ദൈവത്തെയും തൊടാൻ
കൈവിറച്ച പെൺകുട്ടിയെ പോലെ
കാറ്റും വെളിച്ചവും കടക്കാത്ത മൂലകളിൽ
ജീവന്റെ ഒരടയാളവും തീണ്ടാതെ കിടന്നു.

ഇരുട്ടിൽ നിന്ന് വെയിലിലേക്ക്
നീളുന്നു ഉറുമ്പുകളുടെ ജാഥ
മരണം തിന്നതിന്റെ ബാക്കിയിൽ
ജീവിതത്തെ ഊട്ടുന്നവരുടെ വലിയ നിര
അവ ഞങ്ങളോട് സംസാരിക്കുന്നുണ്ടായിരുന്നു

ശിക്ഷ തീരാനുള്ള വർഷങ്ങളെ
ദിവസങ്ങളാക്കി കൗണ്ട് ഡൗൺ
ചെയ്യുന്ന ജീവപര്യന്തം
തടവുകാരനെയെന്ന പോലെ
പ്രതീക്ഷയുടെ സൂത്രവാക്യങ്ങൾ
ഞങ്ങളെ തൊട്ടു.

ശസ്ത്രകിയാ മേശയിൽ
തെളിഞ്ഞ സ്റ്റീൽ കത്തിയുടെ മൂർച്ചയ്ക്ക്
കാത്ത് കിടക്കുന്ന രോഗാതുരമായൊരു
ശരീരത്തിന്റെ മടങ്ങിവരവ് പോലെ
വേദനയിലൂടെ വേദനയുടെ നൂൽപ്പാലം
കടക്കുന്ന മറ്റൊരു സൂത്രവാക്യം.

അല്ലെങ്കിൽ തന്നെ
എത്ര കാലമാണ് വേനലുകളെയിങ്ങനെ
കയറൂരി വിടുക !

കടന്നു പോകുന്നേരം
പരസ്പരം മുഖം മുട്ടിച്ചു
കൈമാറുന്ന അടയാളവാകൃത്തിൽ
കൂട്ടമായിരിക്കുന്നതിന്റെയും
കൂട്ടായിരിക്കുന്നതിന്റെയും
മധുരത്തരികൾ പറ്റിപ്പിടിച്ചു.
ഉറുമ്പുകളാകണമായിരുന്നു ഞങ്ങൾക്ക്
ഉഷ്ണം ഒളിച്ചു കടത്തിയ
മഴകളെ വീണ്ടെടുക്കണമായിരുന്നു
ഉണങ്ങിയ പൂക്കളിൽ നിന്ന്
വസന്തത്തെ വിരിയിക്കണമായിരുന്നു

എല്ലാ  കൊടുങ്കാറ്റുകളുടെയും
ചുരുൾ നിവർത്തിയ കൊടിക്കൂറ പോലെ
തലമുടിയുടെ അലകൾ വിടർന്നു
ലോകം കനത്തിൽ കറുപ്പിച്ചു
കണ്ണെഴുതുകയാണെന്ന മട്ടിൽ
കണ്ണാടികൾ തെളിഞ്ഞു
എല്ലാ തീയും വാങ്ങി കറുക്കുന്ന
വിറകടുപ്പിന്റെ ചിമ്മിനിയുള്ള്
സൂര്യനിലേക്കു തുറന്നു.

കുഴിഞ്ഞ കണ്ണുകളുടെയും
കറുത്തു വരണ്ട തടങ്ങളുടെയും
താഴ്വരകളിൽ നിന്ന്
ലോകത്തെ കവിതയിലേക്ക്
പരിഭാഷപ്പെടുത്തുന്ന
ഒരു പൂപ്പാടമുണ്ടാവുന്നു
ഭൂമി തിരണ്ടത് പോലെ !



സന്ധ്യ പത്മ

# നിർവൃതി

ഹൃദയം പിളർത്തിയ
അമ്പിൽ നിന്നൊരു തുള്ളി
സീമന്തരേഖയിൽ
തെറിച്ചതാണു
ഗന്ധമായും
സ്പർശമായും
ചുവയായും
മുലക്കണ്ണുകളിൽ
വെളുത്ത ബിന്ദുക്കളായത്.

# കവിത്രാമുറി

ലഹരിയും പ്രണയവും
മത്സരിച്ചു തിന്നു തീർത്ത
ഒരുവന്റെ,
കരളിൻറെ ശേഷിപ്പിനെ
ചില്ലിട്ടു സൂക്ഷിച്ച മുറി.
ജനിക്കും മുമ്പേ
മരിച്ചു പോയ കവിതയെ,
അറവുശാലയിൽ നിന്നോടിപ്പോന്ന
കുാവിനെ,
കുയിലേ എന്നു വിളിച്ചാൽ
മയിലേ എന്നു മിണ്ടുന്ന
പെണ്ണിനെ;
അവന്റെ വീഞ്ഞിനൊപ്പം
കൂട്ടിരുത്തുന്നു.
മടിപിടിച്ചുറങ്ങുന്ന
പുതപ്പിനുള്ളിൽ
അവനവനെ കൊന്നു തിന്നുന്നു.

■



ഇന്ദിരാബാലൻ

# നീലഞരമ്പുകൾ പറയുന്നത്....

ഓണപ്പതിപ്പിലെ ഒരു കവിതാ വായനയാണ് മുകളിലെ ശീർഷകത്തിന്നാധാരമായത്. ആ കവിതയിലടയാളപ്പെടുത്തിയ പെൺമയെ നീലഞരമ്പായി ഞാൻ വായിച്ചെടുക്കുന്നു. ശരീരമാസകലം തന്റെ പ്രവർത്തനങ്ങൾ ശുഷ്ക്കാന്തിയോടെ ചെയ്യുന്ന മനോഹരമായ നീലഞരമ്പുകൾ പോലെയാണ് ഒരു കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ നിർവ്വഹിക്കുന്ന ഒരു പെണ്ണും. വർണ്ണങ്ങൾ ഏതായാലും അത് മനോഹരമാണ്. പക്ഷേ ആ മനോഹാരിതക്കപ്പുറം നോവാഴങ്ങൾ അവളെ ഞെരുക്കുന്നതറിയിക്കാതിരിക്കാനും അവൾ ചമയങ്ങളണിയാറുണ്ടെന്ന വസ്തുതയെ ഈ കവിത സാധൂകരിക്കുന്നു.. ചമയങ്ങൾക്കപ്പുറമുള്ള വർണ്ണനിരാസങ്ങളുടെ തീരങ്ങൾ. അതെത്ര കയ്യടക്കത്തോടെയാണ് അവൾ പുറംലോകമറിയാതിരിക്കാൻ സ്വയം സൂക്ഷിക്കുന്നത്. അത്തരമൊരു വിഷയമാണ് ബിന്ദുകൃഷ്ണൻ എന്ന കവയിത്രി 'ചമയങ്ങൾ' എന്ന വാങ്മയ ചിത്രത്തിൽ ഒരുക്കിയിരിക്കുന്നത്. വായിക്കുമ്പോൾ ഏതൊരു പെണ്ണിനും ഇതെന്റെ കഥയാണോ എന്ന് തോന്നും വിധം യഥാതഥമായി ആവിഷ്ക്കരിച്ചിരിക്കുന്നു.

സ്ത്രീകളുടെ ചമയങ്ങൾ പുറം ലോകം കാണുന്നത് പോലെ അത്ര ലളിതമല്ല. അവ ജീവിതത്തിന്റെ രൂപകങ്ങളും ധ്വനികളും നിറഞ്ഞ ആന്തരാർത്ഥങ്ങളുടെ കലവറയാണ്. കണ്ണിന്റെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നതിനാണ് അവൾ അഞ്ജനമെഴുതുന്നത്. എന്നാൽ കണ്ണെഴുതാത്ത ഒരുവൾ പെട്ടെന്നെഴുതുമ്പോൾ അതിലെന്തോ അസ്വാഭാവികത നിറയുന്നു. അത് മിഴിയുടെ കറുപ്പഴക് കൂട്ടാനോ പൂത്തുലഞ്ഞ പെണ്ണിനെ അടയാളപ്പെടുത്താനൊ അല്ല മറിച്ച് തലേന്നാൾ അനുഭവിച്ച സങ്കടക്കണ്ണീരാൽ വീർത്ത കണ്ണീർത്തടങ്ങൾ മറയ്ക്കാനാണെന്ന് കവിയത്രി ധ്വനിപ്പിക്കുന്നു. അഞ്ജനം അവിടെ കണ്ണുകൾക്ക് സുരക്ഷിത കവചമായി വർത്തിക്കുന്നു. തന്റെ തകർച്ചകൾ പുറം ലോകം അറിയാതിരിക്കാനാണ് ചിലർ പരിഷ്കാരിപ്പെണ്ണെന്ന് തോന്നിപ്പിക്കും വിധം കറുത്ത കണ്ണടകൾ ധരിക്കുന്നത്. കണ്ണിലൊളിപ്പിച്ച ദു:ഖ ഭാഷയറിയാതിരിക്കാൻ. കൺമഷിയും കറുത്ത കണ്ണടകളും ഒരേ ധർമ്മം തന്നെയാണവിടെ പാലിക്കുന്നത്. നെറുകയിൽ നെടുനീളത്തിൽ സിന്ദൂരമണിയുന്നതിലും ഉണ്ട് രൂപകം. സീമന്തരേഖയിലെ സിന്ദൂരം കാണുമ്പോൾ അവൾ അരക്ഷിതയല്ല സുരക്ഷിത യാണെന്ന ബോധം സമൂഹത്തിനുണ്ടാകുന്നു. എത്രത്തോളം ശരിയാണോ എന്നത് മറുവശം. സ്വാശ്രയ ശീലയും സമ്പന്നയുമാണെങ്കിലും അവൾ ഒറ്റപ്പെട്ടാൽ ആക്രമിക്കപ്പെട്ടേക്കാം. മംഗല്യരേഖയെ അലങ്കരിച്ച കുങ്കുമച്ചുവപ്പ് സമൂഹത്തെ അവൾ സുരക്ഷിതയാണെന്ന ധാരണയിലേക്കെത്തിക്കുന്നു എന്നും കവി കണ്ടെത്തുന്നു.

വർത്തമാനകാലത്തെ പെൺകുട്ടികൾ പൊതുവേ സാരിയണിയാറില്ല. ജീൻസും ടീ ഷർട്ടുമിട്ട് സ്വതന്ത്രയായി വലിഞ്ഞ് നടക്കും. പക്ഷേ ചിലപ്പോഴൊക്കെ അവളും സാരിയുടുക്കുന്നു. സാരിയുടുത്താൽ സദസ്സുകളിൽ യോഗങ്ങളിൽ ബഹുമാനം കൂടുമെന്ന പൊതുബോധത്തെ ഊട്ടിയുറപ്പിക്കാൻ. ഈ കവിതയിലാകമാനം ചമയങ്ങളുടെ അർത്ഥ കൽപ്പനകളാണ്. പൊട്ടോ സാരിയോ കൺമഷിയൊ ഒന്നും കേവലാലങ്കാരങ്ങൾ മാത്രമല്ല. അവയൊക്കെ ചില പൊതുബോധങ്ങളെ ഊട്ടിയുറപ്പിക്കാനുള്ള തന്ത്രങ്ങളാണെന്നു കൂടി വായിച്ചെടുക്കാം.

കാപട്യം നിറഞ്ഞ പുരുഷാധിപത്യ ലോകത്തിൽ എത്ര സംസ്കാര സമ്പന്നയും ഏത് സമയത്തും ആക്രമിക്കപ്പെട്ടേക്കാം. അതിന്നവൾ തന്നെ മുന്നൊരുക്കങ്ങൾ എടുക്കേണ്ടത് അത്യാവശ്യവും.. അതിനിത്തരം ചെറിയ അടവുകളും ബുദ്ധിമതികളായ പെൺ മനസ്സുകൾ സ്വീകരിക്കുന്നു എന്ന് കവിത വ്യക്തമാക്കുന്നു. നീല ഞരമ്പുകൾ സ്ത്രീയോടാഹ്വാനിക്കുന്നതും അവൾ സുരക്ഷിതയായിരിക്കുവാൻ ബദ്ധശ്രദ്ധരായിരിക്കുകയെന്നതാണ്. അലങ്കാരങ്ങൾക്ക് അഥവാ ചമയങ്ങൾക്കും പരികൽപ്പനകളേറെയുണ്ട്. കേവല വസ്തുക്കളിലൂടെ സ്ത്രീ ജീവിതത്തിന്റെ ആന്തരാർത്ഥങ്ങൾ ബിന്ദുകൃഷ്ണൻ രചനാതന്ത്രത്തോടെ വരച്ചിട്ടിരിക്കുന്നു...... ചെറുതെന്ന് തോന്നുന്നതെല്ലാം നിസ്സാരമല്ല എന്നൊരർത്ഥവും ഇവിടെ ദ്യോതിക്കുന്നു. ഇത് തന്നെയല്ലേ കവിത..!

■

# കവിതാകൂട്ടായ്മകൾ



## വിക്ടോറിയൻ വിമൻ ഓൺ ഫാം

**ഓ**സ്ട്രേലിയയിൽ 'വിക്ടോറിയൻ വിമൻ ഒൺ ഫാം' കൂട്ടായ്മയുടെ ഭാഗമായി രചിച്ചവതരിപ്പിക്കപ്പെടുന്ന പാട്ടുകളും കവിതകളും കൃഷി ജീവനത്തിൽ സ്ത്രീകളുടെ പങ്കിനെ കുറിക്കുന്നു.

## മിർമാൻ ബഹീർ



**താ**ലിബാൻ ഭരണത്തിന്റെ പീഡനമരുവിലും അഫ്ഘാനിസ്ഥാനിൽ കവിതകൾ വിരിയുന്നു. 'മിർമാൻ ബഹീർ' എന്ന സ്ത്രീകളുടെ സാഹിത്യസംഘം മരണഭീഷണിയതിജീവിച്ച് കണ്ടഹാറിൽ രഹസ്യയോഗങ്ങൾ ചേരുന്നു. സ്ത്രീകൾ പ്രണയത്തെക്കുറിച്ചും ശൈശവ വിവാഹത്തെക്കുറിച്ചും ദുരഭിമാനകൊലകളെക്കുറിച്ചും പഷ്തൂൺ നാടോടികവിതാശൈലിയിൽ എഴുതുന്നു. കവിതയെഴുത്ത് സദാചാര ലംഘനമായി കാണുന്ന ഒരു പ്രദേശത്ത് അക്ഷരങ്ങൾ ആയുധങ്ങളാവുന്നു.




## റ്റെ വഹി ഒര

ന്യൂസീലണ്ടിലെ ഒരു കൂട്ടം സ്ത്രീകൾ തുടങ്ങിയ പ്രസ്ഥാനമാണ് റ്റെ വഹി ഒര വിമൻസ് രിറ്റ്രീറ്റ് മൂവ്മെന്റ്. വീടിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് മാറി സ്വസ്ഥമായി സ്വയം കണ്ടെത്താനും എഴുതാനുമുള്ള ഒരിടം. കടലിനോടു ചേർന്ന് ശാന്തമായ പ്രകൃതി ഭംഗിയുള്ള സ്ഥലം. താമസത്തെക്കുറിച്ചും പാചകത്തെക്കുറിച്ചുമൊന്നും അലട്ടില്ലാതെ സ്വതന്ത്രമായി എഴുതാൻ സ്ത്രീകൾ കൂടുവിട്ട് കൂടു തേടേണ്ടുന്ന അവസ്ഥയാണെങ്കിലും ക്രിയാത്മകമായ പരീക്ഷണം തന്നെയാണിത്.

ശാസ്ത്രം

സീമ ശ്രീലയം




**പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ**

# അർച്ചനാശർമ്മ

## കണികാപരീക്ഷണത്തിലെ അഭിമാനതാരം

"ഒരു സ്ത്രീയായതു കൊണ്ടുതന്നെ സ്വപ്നങ്ങൾ കൈയെത്തിപ്പിടിക്കുക എന്നത് ഏറെ വെല്ലുവിളികൾ നിറഞ്ഞ ഒന്നായിരുന്നു" അർച്ചന ശർമ്മ എന്ന ശാസ്ത്ര പ്രതിഭയുടെ വാക്കുകളാണിത്. എങ്കിലും വെല്ലുവിളികളെയും വിവേചനങ്ങളെയുമൊക്കെ അതിജീവിച്ച് ശാസ്ത്ര രംഗത്ത് അന്താരാഷ്ട്രതലത്തിൽ തന്നെ അർച്ചന തന്റെ കൈയൊപ്പു പതിപ്പിച്ചുകഴിഞ്ഞു. 2012-ൽ 'ദൈവകണം' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഹിഗ്ഗ്സ്ബോ സോണിനെ ലാർജ്ഹാഡ്രോൺ കൊളൈഡറിൽ കണ്ടെത്തിയപ്പോൾ ആ ചരിത്ര നേട്ടത്തിൽ പങ്കാളിയായി അർച്ചനാശർമ്മയും ഉണ്ടായിരുന്നു. ഝാൻസിയിൽ നിന്നും കണ ഭൗതികത്തിന്റെ മെക്ക എന്നറിയപ്പെടുന്ന സോണി ലേക്കുള്ള അർച്ചനയുടെ യാത്ര ഗവേഷണ രംഗത്തെ യുവതലമുറയ്ക്ക് നൽകുന്ന പ്രചോദനം ചെറുതല്ല.

ഝാൻസിയിൽ ഒരു മധ്യവർഗ്ഗ കുടുംബ ത്തിൽ ജനിച്ച അർച്ചനാ ശർമ്മ സെന്റ്ഫ്രാൻസിസ് കോൺവെന്റ് സ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ ശാസ്ത്രത്തിൽ വലിയ താല്പര്യം കാണിച്ചിരുന്നു. താൻ ഗവേഷണത്തിലേക്ക് തിരിയാൻ കാരണ ക്കാരായ തന്റെ പ്രിയപ്പെട്ട അധ്യാപകരാണെന്ന് പിന്നീട് അർച്ചന പറഞ്ഞിട്ടുണ്ട്. അർച്ചനയുടെ മാതാപിതാക്കളും അധ്യാപകരായിരുന്നു. 1987-ൽ ഒരു വർക്ക്ഷോപ്പിൽ പങ്കെടുക്കാനായി സ്വിറ്റ്സർ ലന്റിന്റെയും ഫ്രാൻസിന്റെയും അതിർത്തിയി ലുള്ള സോണിൽ (യൂറോപ്യൻ ഓർഗനൈസേ ഷൻ ഫോർ ന്യൂക്ലിയർ റിസർച്ച്) ഝാൻസിയിൽ നിന്നും എത്തിയ അർച്ചന സ്വപ്നത്തിൽ പോലും



കരുതിയിരുന്നില്ല താൻ അവിടുത്തെ ഗവേഷകയാവുമെന്നും ഒരു പ്രപഞ്ച രഹസ്യങ്ങ ളിലേക്ക് വെളിച്ചം വീശുന്ന മഹാപരീക്ഷണത്തി ന്റെയും ചരിത്രനേട്ടത്തിന്റെയും ഭാഗമാവുമെന്നും. ബനാറസ് ഹിന്ദുസർവ്വകലാശാലയിൽ നിന്നായി രുന്നു ഭൗതികശാസ്ത്രത്തിൽ ബിരുദവും ആണവ ഭൗതികത്തിൽ ബിരുദാനന്തരബിരുദവും നേടിയത്. തുടർന്ന് ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് കണ ഭൗതികത്തിൽ ഡോക്റ്ററേറ്റും കരസ്ഥമാക്കി. സോണിലെ ആദ്യ സന്ദർശനത്തിൽ തന്നെ അവിടെ ഒരു വർഷം തങ്ങാനും ഗവേഷണങ്ങൾ നടത്താ നുമുള്ള അവസരം ലഭിച്ചത് അർച്ചനയുടെ ജീവിത ത്തിലെ വഴിത്തിരിവായി.

തുടർന്ന് ജനീവ സർവ്വകലാശാലയിൽ രണ്ടാ മതൊരു പിഎച്ച്ഡിക്കുള്ളസുവർണ്ണാവസരം ലഭി ക്കുകയും കണികാ പരീക്ഷണശാലയിലെ ഡിറ്റ ക്റ്ററുകളുടെ രൂപകല്പനയിൽ വൈദഗ്ദ്ധ്യം നേടു

കയും ചെയ്തു. തീരെ പരിചയമില്ലാത്ത ഫ്രഞ്ച് ഭാഷയിലുള്ള പരീക്ഷ അർച്ചനയ്ക്കൊരു വെല്ലു വിളി തന്നെയായിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ വിവാഹിതയായ അർച്ചന ഒരു മകൻ ഉണ്ടായതിനുശേഷമാണ് വീണ്ടും സോണിൽ തിരിച്ചെത്തിയത്. ഇത്തവണ ആ ശാസ്ത്രപ്രതിഭയെ കാത്തിരുന്നത് അവിടുത്തെ സ്ഥിരം ഗവേഷക എന്ന അവസരമായിരുന്നു. കുഞ്ഞിനെ നോക്കലും ഇടവേളകളില്ലാത്ത നിരന്തരമായ ഗവേഷണവും അത്യദ്ധ്വാനവും അടക്കം കടമ്പകൾ ഒരുപാടു മറികടന്നാണ് അർച്ചനാ ശർമ്മ കണികാ പരീക്ഷണത്തിലെ ശ്രദ്ധി ക്കപ്പെടുന്ന മുഖങ്ങളിലൊന്നായി മാറിയത്. 2003 ലാണ് അർച്ചന സിഎംഎസ് പരീക്ഷണത്തിന്റെ ഭാഗമാവുന്നത്. അത്യുന്നത ഊർജമുള്ള, പ്രകാശത്തോടടുത്ത വേഗതയിൽ സഞ്ചരിക്കുന്ന പ്രോട്ടോണുകളെ തമ്മിൽ കൂട്ടിയിടിപ്പിച്ച് അതിൽ ഹിഗ്ഗ്സ്ബോ സോണുകളെ തിരയുന്ന പരീക്ഷണമായിരുന്നു അത്. ഒരു വലിയ ബീച്ചിൽ നിന്നും ഒരു പ്രത്യേക മണൽത്തരി തെരഞ്ഞ് കണ്ടുപിടിക്കുന്നതിനെക്കാൾ  സങ്കീർണ്ണമായിരുന്നു ഭൗതികത്തിൽ എത്രയോ നാളുകളായി പിടിതരാതെ ഒളിച്ചു നടക്കുന്ന ഹിഗ്ഗ്സ്ബോ സോണുകളെ കണ്ടെത്തൽ. ഏതായാലും ശ്രമങ്ങൾ വെറുതെയായില്ല. പ്രപഞ്ചത്തിന്റെ ആദിമനിമിഷങ്ങൾ കൃത്രിമമായി പുന:സൃഷ്ടിച്ച് ഇനിയും പിടിതരാത്ത പ്രപഞ്ച രഹസ്യങ്ങളിലേ ക്ക് വെളിച്ചം വീശാനായി ആരംഭിച്ച കണികാ പരീക്ഷണം 2012-ൽ ചരിത്രം കുറിക്കുക തന്നെ ചെയ്തു. ദ്രവ്യത്തിനു പിണ്ഡം എന്ന ഗുണം നൽകുന്ന ഹിഗ്ഗ്സ്ബോ സോണുകളുടെ സാന്നിധ്യം സ്ഥിരീകരിക്കപ്പെട്ടതോടെ ഭൗതികത്തിലെ വലിയൊരു സമസ്യയാണ് പൂരിപ്പിക്കപ്പെട്ടത്.

ശ്യാമദ്രവ്യമടക്കം ഇനിയുമൊരുപാട് സമസ്യകൾക്ക് ഉത്തരം തേടിക്കൊണ്ടിരിക്കുകയാണ് ലാർജ്ഹാഡ്രോൺ കൊളൈഡർ എന്ന കണികാ പരീക്ഷണശാല. ഇന്ന് ഇന്ത്യയിലെ പല ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും ഗവേഷകരും സോണുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ നിന്നുള്ള യുവ ഗവേഷകർക്ക് പ്രോൽസാഹനവും പിന്തുണയും നൽകാൻ മുൻകൈയെടുത്തുകൊണ്ട് അർച്ചന ഇപ്പോഴും സോണിലുണ്ട്. ■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**പുത്തൻ ഉടുപ്പ് വരം തരാമെന്ന് പറഞ്ഞതൊക്കെ ഇഷ്ടമായി. പക്ഷേ പകരം പുസ്തകമെഴുതാനുള്ള ഒരു കരാർ തരാൻ പറ്റുമോ?**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



# പുസ്തക പ്രകാശനം – ഓർമ്മയിലെ തീനാളങ്ങൾ

കഴിഞ്ഞ മുപ്പത് വർഷങ്ങളോളമായി സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ മുന്നണി പ്പോരാളികളിലൊരാളായ അജിതയുടെ അനുഭവങ്ങളുടെ ഓർമ്മകളാണ് ഈ പുസ്തകത്തിലുള്ളത്. സമകാലിക മലയാളം വാരികയിൽ പതിനഞ്ച് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന ആ കൃതി ഇക്കഴിഞ്ഞ ആഗസ്ത് 29-ാനു തിരുവനന്തപുരത്തു വച്ചു നടന്ന ഡി.സി. ബുക്സിന്റെ വാർഷികാഘോഷത്തിൽ വെച്ച് സാറാ ജോസഫ് പ്രകാശനം ചെയ്തു. കോഴിക്കോടാണ് അജിതയുടെ പ്രവർത്തനങ്ങളുടെ തുടക്കമെന്നതിനാൽ അന്വേഷി കഴിഞ്ഞ ഒക്ടോബർ 2-ാനു ഗാന്ധി ജയന്തി ദിനത്തിൽ ഒരു പ്രകാശനം നടത്തി.


കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം ഹാളിൽ വെച്ച് നടന്ന ആ പരിപാടിയിൽ പുസ്തകം പ്രകാശനം ചെയ്തത് കേരള സാഹിത്യ അക്കാഡമി വൈസ് ചെയർപേഴ്സൺ ഡോ. ഖദീജാ മുംതാസാണ്. പുസ്തകം ഏറ്റുവാങ്ങിയത് ഒരു ദലിത് ആക്ടിവിസ്റ്റായ സതി അങ്കമാലിയാണ്. പുസ്തക പരിചയം നടത്തിയത് ഡോ. ആർ. ഷർമിളയാണ്. പി. വിജി, സോണിയ ജോർജ്, എം.എൻ.കാരശ്ശേരി, സി.ആർ. നീലകണ്ഠൻ, മേഴ്സി അലക്സാണ്ടർ, വി.എം. ദീപ എന്നിവർ ആശംസകളർപ്പിച്ചു. യോഗത്തിന് ഡോ. ജാൻസി ജോസ് അദ്ധ്യക്ഷതയും പി.ശ്രീജ സ്വാഗതവും പറഞ്ഞു. തുടർന്ന് "സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ ഇന്ന്, നാളെ" എന്ന വിഷയത്തിൽ സംവാദവും നടന്നു. ഡോ. മിനി സുകുമാർ മോഡറേറ്ററായ പരിപാടിയിൽ ഗാർഗി എച്ച് വിഷയമവതരിപ്പിച്ചു. ഫൈസൽ ഫൈസു, സുൽഫത്ത്, സുലോചന രാമകൃഷ്ണൻ, ബിന്ദു അമ്മിണി, പി.വിജി, സതി അങ്കമാലി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.







**ലിഞ്ജുഷ**





**മീര രമേഷ്**







**അമ്മു ദീപ**